Papers Laid on the Table

Minister for Industries and Local Administration (**Shri K. A. Damodara Menon**) : Sir I lay on the Table a copy of Notification G. O. MS. 47/64 DD dated 25th January, 1964 (S. R. O. No. 27/64) containing amendments to the Kerala Municipalities (Acquisition and Transfer of Immovable Properties) Rules, 1962.

Mr. Speaker : Now we will pass on to the Legislative Business.

LEGISLATIVE BUSINESS

The Kerala Panchayat Union Councils and Zilla Parishads Bill, 1964 (*Contd.*)

Mr. Speaker : Shri P. Ramunni Kurup will continue his speech on the Kerala Panchayat Union Councils and Zilla Parishads Bill, 1964.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : സർ, ഞാൻ സംസാരിച്ചുകൊണ്ടിരുന്നതു്, ഈ കൗൺസിലിന്റെ അനുവാദംകൂടാതെ ഏതെങ്കിലുമൊരു പ്രവർത്തനം ആവശ്യമുണ്ടെന്നു തോന്നുന്നപക്ഷം ആ കൗൺസിലിന്റെ എക്സിക്യൂട്ടീവു് ആഫീസറായി നിൽക്കുന്ന ഡവലപ്പുമെന്റു് ആഫീസർക്കു് സ്വന്തമായി അതു തുടങ്ങാനും, അങ്ങനെയൊരു പ്രവർത്തി തുടങ്ങിയെന്നുള്ള വിവരം അടുത്ത മീറ്റിംഗിൽ റിപ്പോർട്ടചെയ്യാനും അധികാരമുണ്ടു് എന്നുള്ള കാര്യത്തെ സംബന്ധിച്ചാണു്. ഇത്തരം ഒരു അധികാരം പഞ്ചായത്തിനെ സംബന്ധിച്ചു് അതിലെ എക്സിക്യൂട്ടീവു് ആഫീസർക്കും കൊടുത്തിട്ടുണ്ടു്. പഞ്ചായത്തിന്റെ അനുവാദംകൂടാതെ ആവശ്യമായ പ്രവർത്തികളും തുടങ്ങാനുള്ള അധികാരം എക്സിക്യൂട്ടീവു് ആഫീസർക്കും, കൗൺസിലിന്റെ അനുവാദംകൂടാതെ കൗൺസിലിന്റെ പരിധിയിലുള്ള പ്രവർത്തികളും തുടങ്ങുന്നതിനുള്ള അധികാരം ബ്ലോക്കു് ഡവലപ്പുമെന്റു് ആഫീസർക്കും കൊടുത്തിരിക്കുകയാണു്. അതുപോലെ ജില്ലാപരിഷത്തിനാണെങ്കിൽ ജില്ലാപരിഷത്തിന്റെ ഉത്തരവാദിത്വമൊന്നുമില്ലാതെ അതിന്റെ സമ്പൂർണ്ണാധികാരം കളക്ടർക്കു് കൊടുത്തിരിക്കുകയാണു്. ഇതിന്റെ അർത്ഥം ഔദ്യോഗികമായി ഇങ്ങനെ ഉദ്യോഗസ്ഥന്മാർക്കു് സമ്പൂർണ്ണാധികാരം കൊടുത്തിരിക്കുന്നതു് ഫലത്തിൽ പഞ്ചായത്തിനേയും പരിഷത്തിനേയും അനാദരിക്കുകയും അധികാരവികേന്ദ്രീകരണമെന്ന തത്വത്തെതന്നെ ഫലത്തിൽ ആക്ഷേപിക്കുകയുമാണു്. രണ്ടുമാസത്തിനിടക്കു് ഒരു യോഗം ചേർന്നാൽ മതിയെന്നു ഈ ബില്ലിൽ കാണുന്നു. അപ്പോഴും രണ്ടുമാസത്തിനുള്ളിൽ വന്നേക്കാവുന്ന തുടങ്ങാൻ അത്യാവശ്യമായിരിക്കുന്ന ഒരു പ്രവർത്തിയായിരിക്കണം ഇതെന്നു ഒരു നിബന്ധനയില്ല. ഏകദേശം പതിനായിരമോ അല്ലെങ്കിൽ ഒരു ലക്ഷമോ രൂപയ്ക്കു് വന്നേക്കാവുന്ന ജോലിക്കു് ഒരു പരിധിയും ഇതിലില്ല. ഉദ്യോഗസ്ഥന്മാർക്കു് സ്വന്തമായി കൗൺസിലിന്റെ അനുവാദംകൂടാതെ ജോലി നിർവ്വഹിക്കേണ്ട ആവശ്യമുണ്ടെന്നു കണ്ടാൽ അതു് അടിയന്തിരമാണെന്നുള്ളതിനെ പരിഗണിച്ചു നോക്കുമ്പോഴ് ഒരുപക്ഷേ ആ പരിധിയിൽ ഒരു നിബന്ധന വയ്ക്കേണ്ടതു് ആവശ്യമാണു്. ഒരു അടിയന്തിരയോഗം വിളിച്ചുകൂട്ടണമെന്നു് ഒരു നിർദ്ദേശം വയ്ക്കേണ്ടതു് അത്യാവശ്യമായിരുന്നു; അതു് വയ്ക്കാതെ കൗൺസിലിനേറെയും ജില്ലാപരിഷത്തിനേറെയും ജനാധിപത്യപരമായ അവകാശങ്ങളെ ധ്വംസിക്കുകയാണു് ഇവിടെ ചെയ്തിരിക്കുന്നതു്. ഈ പരിതസ്ഥിതിവച്ചുകൊണ്ടു് ഉദ്യോഗസ്ഥന്മാർക്കു് ഇത്തരം അധികാരം കൊടുക്കണമോ വേണ്ടയോ എന്നു പറയുവാനുള്ള അവകാശവും അതു പരിശോധിക്കുന്നതിനുള്ള അനുവാദവും തിരഞ്ഞെടുക്കപ്പെട്ടന്ന പഞ്ചായത്തുകളിലും കൗൺസിലുകളിലും പൊതുരംഗങ്ങളിലുമാണെന്നു വരുമ്പോഴ് ഈ ബിൽ ജനഹിതപരിശോധനക്കുവേണ്ടി അയക്കേണ്ടതു് പ്രാഥമികമായ

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യ മര്യാദയാണെന്നു പറയുവാൻ ഞാൻ ആശിക്കുകയാണു്. എം. എൽ. എ.മാർക്കു് വോട്ടവകാശമില്ലെന്നു ഇതിൽ നിർദ്ദേശിച്ചിട്ടുണ്ടു്. എം. എൽ. എ.മാർക്കു് പ്രസിഡന്റാകാനും വൈസു് പ്രസിഡന്റാകാനും അധികാരം കൊടുക്കണമെന്നൊന്നും ഞാൻ നിർബന്ധമായി പറയുകയല്ല. പക്ഷേ ഒരു സമിതിയിൽ പോയിരിക്കാനും വെറുതേ ഇരുന്നു അഭിപ്രായങ്ങളും പറയുവാനും അല്ലാതെ തങ്ങളുടെ അഭിപ്രായത്തിനനുകൂലമായി വോട്ടു രേഖപ്പെടുത്താൻ അധികാരമില്ലാത്ത ഒരു പരിതഃസ്ഥിതിയിൽ എം. എൽ. എ.മാർ അസോഷ്യേറ്റഡു് മെമ്പറാകുന്നതിൽ എന്താണു് അർത്ഥം? അതുകൊണ്ടു് അവരുടെ അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിനു് അവർക്കു് വോട്ടവകാശം കൊടുക്കേണ്ടതു് ആവശ്യമാണു്. അതുകൊണ്ടു് ഇതു് ജനഹിതപരിശോധനയ്ക്കു് അയക്കണമെന്നുള്ളതു് നിർബന്ധമാണു്. മറ്റൊരു വൈരുദ്ധ്യം കാണാനുണ്ടു്. പഞ്ചായത്തു സെക്ഷൻ 8 (2) പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന സ്ത്രീ മെമ്പർക്കു് എല്ലാപ്രകാരത്തിലും ഒരു മെമ്പറുടെ അവകാശമുണ്ടു്, ഉത്തരവാദിത്വമുണ്ടു്, എല്ലാവിധത്തിലും പഞ്ചായത്തു നടപടികളിൽ പങ്കുകൊള്ളാം. പുതിയ തിരഞ്ഞെടുപ്പു വരുമ്പോൾ പ്രസിഡന്റു സ്ഥാനത്തേക്കു് നിൽക്കാം, തിരഞ്ഞെടുക്കപ്പെടുകയുംചെയ്യാം. പക്ഷേ ഈ നിയമത്തിൽ സെക്ഷൻ (5) വളരെ വ്യക്തമായി പറയുന്നതു് തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുമെമ്പറന്മാർക്കു മാത്രമേ കൗൺസിൽ അംഗങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കാൻ വോട്ടവകാശമുള്ളു എന്നാണു്. നാമനിർദ്ദേശം ചെയ്യപ്പെടുന്ന വനിതാമെമ്പർക്കു് ഒരു തിരഞ്ഞെടുക്കപ്പെട്ട മെമ്പർ എന്ന നിലയിൽ വോട്ടുചെയ്യാനുള്ള അവകാശത്തെ നിഷേധിക്കുന്ന ഒരു പ്രവണത ഇതിൽ കാണുന്നു. ഇങ്ങനെ എത്ര സംവേം എടുത്തുനോക്കിയാലും പഞ്ചായത്തുകൾക്കു് നിയമപ്രകാരം അനുവദിച്ചുകൊടുത്തിട്ടുള്ള അധികാരങ്ങളും അവകാശങ്ങളും ഹനിക്കണം ചെയ്യാനുള്ള ഒരു ശ്രമം ഇതിൽ ഉൾക്കൊള്ളുന്നുണ്ടു് എന്നാണു് എനിക്കു് പറയുവാനുള്ളതു്. അതുകൊണ്ടു് ഇതും പരിശോധിക്കേണ്ട അത്യാവശ്യമായ ഒരു കാര്യമാണു്. ഇനിയും പല കാര്യങ്ങളും ഇതിലുണ്ടു്. അതിൽ എനിക്കു് പ്രധാനമായി പറയുവാനുള്ളതു് ഉദ്യോഗസ്ഥന്മാരുടെ കൺട്രോളിനെ സംബന്ധിച്ചാണു്. പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കാനുള്ള സകല അധികാരവും എക്സിക്യൂട്ടീവു് ആഫീസർക്കു കൊടുത്തിരിക്കുകയാണു്. മുൻപു അങ്ങനെയായിരുന്നില്ല. പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥനേയും നിയമിക്കാനോ, ശിക്ഷിക്കാനോ എക്സിക്യൂട്ടീവു് ആഫീസർക്കു് അധികാരമില്ല എന്നു് പഞ്ചായത്തു് ആക്ടിൽ നിർബന്ധമായ നിബന്ധനകളുണ്ടായിരുന്നു. വളരെയേറെ ചർച്ച ചെയ്തുകൊണ്ടു് സെലക്ടുകമ്മിറ്റിയും അസംബ്ലിയും പാസാക്കിയ ഒരു നിയമമാണു് അതു്. പഞ്ചായത്തുതിരഞ്ഞെടുപ്പു കഴിഞ്ഞ ഉടനെതന്നെ ആ അവകാശത്തിന്മേൽ ഗവണ്മെന്റു് കത്തിവയ്ക്കാൻ തുടങ്ങി. ഉദാഹരണമായി പഴയ ഒരു സംഭവം പറയുകയാണെങ്കിൽ കൊയിലാണ്ടി പഞ്ചായത്തു് ഒരു മേജർ പഞ്ചായത്തായിരുന്നു. അവിടത്തെ എക്സിക്യൂട്ടീവു് ആഫീസർ അവിടെ ഒരു ബിൽ കളക്ടറെ നിശ്ചയിക്കേണ്ടതു് അത്യാവശ്യമാണെന്നു പറഞ്ഞു. പഞ്ചായത്തു അതു് ഐകകണ്ഠ്യേന നിഷേധിക്കുന്നു. എക്സിക്യൂട്ടീവു് ആഫീസറും പഞ്ചായത്തു പ്രസിഡന്റും തമ്മിൽ ഇതേപ്പറ്റി കത്തിടപാടുകളും നടത്തുന്നു. വലിയ സംഘട്ടനങ്ങളും നടത്തുന്നു. എക്സിക്യൂട്ടീവു് ആഫീസർ ഒടുവിൽ ആ പഞ്ചായത്തിൽ ബിൽകളക്ടറെ നിയമിക്കുന്നു. പഞ്ചായത്തു പ്രസിഡന്റു് തന്റെ സ്ഥാനം രാജിവയ്ക്കുന്നു. അങ്ങനെ പല കുഴപ്പങ്ങളുമുണ്ടായി. ഈ കാര്യവും അന്നു സെലക്ടു കമ്മിറ്റിയുടെ ചർച്ചാവേളയിൽ ചൂണ്ടിക്കാണിച്ചതാണു്. ഉദ്യോഗസ്ഥന്മാരെ നിയമിക്കാനും നിയന്ത്രിക്കാനുമുള്ള അധികാരം എക്സിക്യൂട്ടീവു് ആഫീസറന്മാരിൽ മാത്രം നീക്ഷിപ്തമാകുമ്പോൾ പഞ്ചായത്തുബോർഡും എക്സിക്യൂട്ടീവു് ആഫീസറും തമ്മിൽ പൊരുത്തമില്ലായ്മവരും, അതു് നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതിയെ കാര്യമായി ബാധിക്കും, അതുകൊണ്ടു് ആ ഭാഗം ഉൾക്കൊള്ളിക്കാൻ പാടില്ല. ഒരു ഉദ്യോഗസ്ഥനെ നിശ്ചയിക്കുമ്പോഴും സസ്പെന്റു ചെയ്യുമ്പോഴും വ്യക്തമായി ബോർഡിന്റെ അനുവാദം വാങ്ങിയില്ലെങ്കിൽ പഞ്ചായത്തിന്റെ അധികാരം കാര്യമായി ക്ലേശിക്കാനും പഞ്ചായത്തിന്റെ നല്ല നിലനിൽപ്പിനെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രാമുണ്ണിക്കുറുപ്പ്]

ബാധിക്കാനും ഇടയാകുന്നതാണ്. ഒരു പഞ്ചായത്തു് ബിൽകളക്ടർക്കു് അലവൻസടക്കം കിട്ടുന്ന ശമ്പളം 65—ഓ 70—ഓ രൂപയാണു്. ആ ഉദ്യോഗസ്ഥനെ പല ജില്ലകളിലേക്കും സ്ഥലം മാറ്റുന്നു. ഈ ശമ്പളംകൊണ്ടു് അയാൾക്കു് വേറൊരു ജില്ലയിൽപോയി എങ്ങനെ സ്വതന്ത്രമായി ജീവിക്കാൻ സാധിക്കും. അയാളുടെ സ്വന്തം ജില്ലയിലാണെങ്കിൽ അയാൾ എങ്ങനെയെങ്കിലും കഴിഞ്ഞുകൂടും. പഞ്ചായത്തു് ബോർഡിന്റെ നിർദ്ദേശപ്രകാരമേ പഞ്ചായത്തു് ജീവനക്കാരെ എക്സിക്യൂട്ടീവു് ആഫീസർക്കു് ട്രാൻസ്ഫർ ചെയ്യാൻ പാടുള്ളു എന്നൊരു നിബന്ധന പഞ്ചായത്തു് ആക്ടിലുണ്ടു്. അതു നിഷേധിച്ചുകൊണ്ടു് പഞ്ചായത്തു് ആഫീസർമാർ ഫുട്ബാൾ പന്തു് അടിക്കുന്നമാതിരി സ്ഥലം മാറ്റം കൊടുക്കുന്ന സമ്പ്രദായം മലബാറിലുടനീളം കാണാൻ സാധിക്കും.

പഞ്ചായത്തിനു് ഉദ്യോഗസ്ഥന്മാരുടെമേൽ അധികാരം വേണം. എക്സിക്യൂട്ടീവു് ആഫീസർ എടുക്കുന്ന നടപടി പഞ്ചായത്തുബോർഡു് അറിയണം, ആ നടപടിക്കു് ബോർഡിന്റെ അനുവാദം വേണം. അതു കൗൺസിൽ അറിയണം, ജില്ലാപരിഷത്തു് അറിയണം. പക്ഷേ ജില്ലാപരിഷത്തിന്റെ ഉദ്യോഗസ്ഥനായാലും കൗൺസിലിന്റെ എക്സിക്യൂട്ടീവു് ഉദ്യോഗസ്ഥനായാലും ഇഷ്ടംപോലെ എന്തും ചെയ്യാമെന്നാണു്. പഞ്ചായത്തു് അറിയണമെന്നില്ല. ഇന്നലെ രാത്രി അടുത്തിരുന്ന പഞ്ചായത്തു് അസിസ്റ്റന്റു് നാളെ രാവിലെ ചെല്ലുമ്പോൾ പുറത്തായിരിക്കും. ഇതു് പഞ്ചായത്തിനു് അറിയാൻ അവകാശമില്ലേ ? ഇതെന്തു ജനാധിപത്യമാണു് ? അതുകൊണ്ടു് ഈ സ്വഭാവം മാറ്റി ഇതൊക്കെയൊന്നു പരിശോധിച്ചു് കൗൺസിലുമായി ബ്ലോക്കാഫീസർ എല്ലാ കാര്യങ്ങളും കൺസൾട്ടു് ചെയ്യണം. അങ്ങനെ കൺസൾട്ടു് ചെയ്തു ഒരു തീരുമാനം എടുക്കേണ്ടതു് അത്യാവശ്യമാണെന്നു പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണു്.

പിന്നൊന്നു് ഈ നിയമത്തിൽതന്നെ ഡിസ്ക്വാളിഫിക്കേഷനെ സംബന്ധിച്ചു് ഒരു വകുപ്പു കാണാം. ഒരു മെമ്പർ മൂന്നുമാസമായി ഒരു യോഗത്തിൽ ഹാജരാകാതിരുന്നാൽ അയാളുടെ മെമ്പർസ്ഥാനം നഷ്ടപ്പെടുമെന്നാണു് പറയുന്നതു്. ഒരു യോഗം ചേരുന്നതു് രണ്ടുമാസത്തിനുള്ളിലാണു്. ഒരു യോഗത്തിൽ ഹാജരാകാതിരുന്നാൽ മെമ്പർസ്ഥാനം നഷ്ടപ്പെടുമെന്നാണു് കാണുന്നതു്. ഇതു് അത്ര ബുദ്ധിപൂർവ്വകമായി തയാറാക്കിയതാണെന്നു് എനിക്കു തോന്നുന്നില്ല. മൂന്നുമാസത്തിനകത്തു് ചേരുന്നതു് ഒരു യോഗമാണു്. രണ്ടാമത്തെ യോഗം പിന്നെ രണ്ടുമാസം കഴിഞ്ഞിട്ടാണു്. അപ്പോൾ രണ്ടാമത്തെ യോഗത്തിൽ ഹാജരാകാതിരുന്നാൽ മെമ്പർസ്ഥാനം നഷ്ടപ്പെടുമെന്നാണു് പറയുന്നതു്. വല്ലാത്ത ജനാധിപത്യംതന്നെ. ഇങ്ങനെ ഉദ്യോഗസ്ഥന്മാർക്കു് സർവ്വാധിപത്യം കൊടുക്കാനും, മെമ്പറന്മാരുടെ സ്ഥാനംപോലും വളരെ വേഗത്തിൽ നഷ്ടപ്പെടുത്താനും സാധിക്കുന്ന ഒരു ബോധോദയം പഞ്ചായത്തു തിരഞ്ഞെടുപ്പിനു മുമ്പില്ലായിരുന്നു. അതിനു ശേഷം വന്നതാണെന്നാണു് തോന്നുന്നതു്. അതൊക്കെ ഒന്നു പരിശോധിക്കണം. സെക്ഷൻ (5) പ്രകാരം പ്രസിഡന്റും തിരഞ്ഞെടുക്കപ്പെടുന്ന കൗൺസിലിലെ മെമ്പറായിരിക്കുമെന്നാണു് പറയുന്നതു്. പഞ്ചായത്തു് തിരഞ്ഞെടുക്കുന്ന ഒരാൾ കൗൺസിൽ മെമ്പറായിരിക്കുന്നതു് അതിനേക്കാൾ നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. പ്രസിഡന്റുമാർതന്നെ ആകണമെന്നില്ലല്ലോ. ജില്ലാ പരിഷത്തിലെ പ്രസിഡന്റായ കളക്ടറെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ ഇന്നവർക്കു് ധാരാളം പ്രോഗ്രാമുണ്ടു്, മാസത്തിൽ 24 ദിവസവും കമ്മിറ്റികളിൽ പങ്കെടുക്കേണ്ടിവരും. ബാക്കി ദിവസമേ അദ്ദേഹത്തിനു് ഒഫിഷ്യൽ ഡ്യൂട്ടിക്കു സാധിക്കുകയുള്ളു. കളക്ടറുടെ കൈയിൽ ഉത്തരവാദിത്വം ഏൽപ്പിച്ചു കൊടുക്കുന്നതിനെക്കാൾ ഭേദം തീർച്ചയായും ജില്ലാ പരിഷത്തിനു് സമ്പൂർണ്ണമായ അധികാരം കൊടുക്കുകയും അനൗദ്യോഗികമായ ഒരംഗത്തെ പ്രസിഡന്റായി തിരഞ്ഞെടുക്കുകയും ചെയ്യുന്നതാണെന്നു പറയാനും ഞാനാശിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ഒന്നു്, സെക്ഷൻ 86 വളരെ ഗൗരവമായി ചിന്തിക്കേണ്ട ഒന്നാണു്. ഒരു ചെയർമാനേയോ, വൈസ് ചെയർമാനേയോ നീക്കാൻ ഗവണ്മെൻറിനു് സമ്പൂർണ്ണാധികാരമുണ്ടു്. കുറ്റം എന്താണെന്നറിയാമോ ? ജോലി കൃത്യമായി നിർവഹിക്കാതിരുന്നാൽ, നിയമത്തിനെതിരായി വല്ലതും നടക്കുന്നുണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ ചെയർമാനെ നീക്കം ചെയ്യാമെന്നാണു് പറയുന്നതു്. കൗൺസിലിന്റെ അനുവാദത്തോടുകൂടി മാത്രമേ ചെയർമാനെ നീക്കാൻ പാടുള്ള എന്നാണു് എനിക്കു പറയാനുള്ളതു്. ഇതിനു് ഗവണ്മെൻറിനു് അധികാരം കൊടുക്കുന്നതിനുമുമ്പു് തിരഞ്ഞെടുത്ത കൗൺസിലിനു് ഇതു സംബന്ധമായി അറിയാൻ അധികാരമില്ലേ ? കൗൺസിലിലെ അംഗങ്ങളൊക്കെ കുറ്റകരമായ കാര്യത്തിൽ ഏകകണ്ഠമായ അഭിപ്രായക്കാരാണെങ്കിൽ പിന്നെ ചെയർമാനടക്കം കൗൺസിലിനെ പിരിച്ചു വിടേണ്ടതല്ലേ ? ചെയർമാനെമാത്രം നീക്കാൻ എന്താണു് കാരണം. ചെയർമാനെ നീക്കുന്നതിനു് അധികാരം കൊടുക്കുന്നതിനുമുമ്പു് കൗൺസിലുമായി ചർച്ച ചെയ്യണം. അതു് കൗൺസിൽ പാസ്സാക്കണം. അങ്ങനെ ഒരു വകുപ്പു് ഉൾക്കൊള്ളിക്കേണ്ടതു് അത്യാവശ്യമാണു്. ഈ പരിതഃസ്ഥിതി വച്ചുകൊണ്ടു് നിയമം അസംബ്ലിയിൽ ചർച്ച ചെയ്തുകഴിഞ്ഞ ഉടനെ, സെലക്ട് കമ്മിറ്റിക്കു പോകുന്നതിനുമുമ്പു് പൊതുജനാഭിപ്രായം അറിയാൻ ഒരവസരം ഉണ്ടാക്കേണ്ടതു് ആവശ്യമാണു്. പൊതുജനങ്ങൾക്കു് പലതും പറയാൻ കാണും. ഈ ബില്ലു് അവതരിപ്പിച്ചു് പ്രസംഗിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി, ജനാധിപത്യത്തിന്റെ പരിപൂർണ്ണമായ വിജയത്തിനുവേണ്ടി ഇത്തുമാതിരിയുള്ള നിയമം അത്യാവശ്യമാണെന്നു പറഞ്ഞതു കേട്ടപ്പോൾ ഏതോ സ്വർഗ്ഗത്തിലേക്കാണു് പോകുന്നതെന്നു് തോന്നി. സെക്ഷൻ 122 പഞ്ചായത്തിന്റെ അധികാരം മുഴുവൻ നിഷേധിക്കാൻ ഉപകരിക്കുന്നു. അതുകൊണ്ടു് ഈ സെക്ഷൻതന്നെ എടുത്തുകളയണം. വാസ്തവത്തിൽ ഈ വകുപ്പു് ജനാധിപത്യത്തിന്റെ വിജയത്തിനു് കളങ്കം ചേർക്കുന്ന ഒന്നാണു്. അതുകൊണ്ടു് പഞ്ചായത്തിന്റെ അധികാരങ്ങളൊക്കെ എടുത്തുകളയുന്ന ഭേദഗതികളൊന്നും കൊണ്ടുവരരുതു്. പഞ്ചായത്തു് ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു സമിതിയാണു്. അതിനു് സമ്പൂർണ്ണമായ അധികാരം വേണം. ആ സമ്പൂർണ്ണമായ അധികാരത്തെ നിഷേധിക്കുന്ന സെക്ഷൻ 122 ആകമാനം എടുത്തുകളയണം. ഇവിടെ വളരെ വ്യക്തമായി ചൂണ്ടിക്കാണിക്കുന്ന ആശയപരമായ ഒരു പ്രശ്നം ഇതാണു്. ജില്ലാപരിഷത്തിനു് സമ്പൂർണ്ണമായ എക്സിക്യൂട്ടീവു് അധികാരം വേണമോ കൗൺസിലിനു് എക്സിക്യൂട്ടീവു് അധികാരം വേണമോ പഞ്ചായത്തിന്റെ അധികാരപരിധിക്കുള്ളിൽ നിൽക്കുന്ന പ്രവർത്തനങ്ങളിൽ കൗൺസിലിനു് കൈകടത്താൻ പാടുണ്ടോ, കൗൺസിലിന്റെ മാത്രം ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങളിൽ ജില്ലാപരിഷത്തു് കൈകടത്തേണ്ട ആവശ്യമുണ്ടോ ഈ കാര്യങ്ങളെല്ലാം പരിശോധിക്കേണ്ടതു് അത്യാവശ്യമാണു്. ഇതു് അസംബ്ലിയിൽ ചർച്ച ചെയ്തുകൊണ്ടുമാത്രമായില്ല. ഈ കാര്യങ്ങളെല്ലാം പഞ്ചായത്തുകളുമായി ചർച്ച ചെയ്യണം, പൊതുജനങ്ങളുമായി ചർച്ച ചെയ്യണം. പൊതുജനങ്ങളുടെ അഭിപ്രായം അറിയുന്നതിനുവേണ്ടി വിതരണം ചെയ്തുകൊണ്ടു് ഇതൊരു നല്ല ബില്ലായിട്ടു് രൂപാന്തരപ്പെടുത്താനും, ഇതിലെ ന്യൂനതകളൊക്കെ മാറ്റി പഞ്ചായത്തിനുള്ള അധികാരം ഉദ്ദേശം നഷ്ടപ്പെടാതിരിക്കാനും വേണ്ട നടപടി സ്വീകരിക്കണം. പഞ്ചായത്തിനും, എക്സിക്യൂട്ടീവു് ആഫീസർക്കും ഒരുപോലെയുള്ള അധികാരം കൊടുത്തുകൊണ്ടുമാത്രമേ ജനാധിപത്യത്തെ വിജയിപ്പിക്കുവാൻ സാധിക്കുകയുള്ളു. ഒരു റസല്യൂഷൻ പാസ്സാക്കി ജനാധിപത്യത്തെ ക്രൂശിക്കരുതെന്നു പറഞ്ഞുകൊണ്ടു് ഈ ബിൽ പൊതുജനാഭിപ്രായത്തിനു വിടണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ഈ. പി. ഗോപാലൻ : സർ, ഈ ബില്ലു് പൊതുജനാഭിപ്രായം അറിയാൻ വേണ്ടി വിതരണം ചെയ്യണമെന്നുകാണിച്ചു് ഞാൻ ഒരു മോഷൻ അവതരിപ്പിച്ചിട്ടുണ്ടു്, ഇതു് പുതിയൊരു നിയമനിർമ്മാണമാണു്, ഒരു പരീക്ഷണമെന്നുള്ളനിലയ്ക്കാണു് ഈ കാര്യം ഈ സംസ്ഥാനത്തിൽ മാത്രമല്ല, ഇൻഡ്യയിലൊട്ടാകെ ഇന്നു വർത്തിക്കുന്നതെന്നാണു് തോന്നുന്നതു്. പഞ്ചായത്തുകളും, യൂണിയൻ കൗൺസിലുകളും, ജില്ലാപരിഷത്തുകളും ഇങ്ങനെ മുന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ]

പതനത്തിൽ അധികാരവികേന്ദ്രീകരണം നടത്തി പഞ്ചായത്തുരാജിന്റെ പ്രവത്തനം ഫലപ്രദമാക്കണമെന്നാണു് ഇതിന്റെ പ്രണേതാക്കൾ ഉദ്ദേശിക്കുന്നതു്. ഈ ഉദ്ദേശസാദ്ധ്യത്തിനു് പ്രധാനമായും അധികാരവികേന്ദ്രീകരണം നടത്തേണ്ടുന്നതു് ഏതു പതനത്തിലാണെന്നുള്ള പ്രശ്നം ഉൽഭവിക്കുന്നു. സ്റ്റേറ്റു ഗവണ്മെൻറിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ വികേന്ദ്രീകരിക്കുന്നതിനു് നേരെതൊട്ടു താഴെയുള്ള പതനത്തിൽ വേണമോ, ഏറ്റവും അടിയിലുള്ള പഞ്ചായത്തിൽവേണമോ എന്നതു് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണു്. ഈ ബില്ലിൽ ഇങ്ങനെയുള്ള യാതൊരു സമീപനവും കൈക്കൊണ്ടു കാണുന്നില്ല. ഈ ബില്ലു വായിച്ചുനോക്കിയാൽ തോന്നുക കുറച്ചു ചില അധികാരങ്ങൾ ഒരു ബോഡിയിൽ കേന്ദ്രീകരിച്ചിട്ടുണ്ടെങ്കിൽ അതു രണ്ടിന്റെയും മദ്ധ്യത്തിലുള്ള യൂണിയൻ കൗൺസിലിലാണു്. യൂണിയൻ കൗൺസിലിനു സിദ്ധിക്കുന്ന അധികാരത്തിലധികവും ഇതിനകം പഞ്ചായത്തിനു് കൊടുത്തിട്ടുള്ള അധികാരങ്ങളിൽനിന്നു എടുത്തിട്ടുള്ളതാണു്. സ്റ്റേറ്റു ഗവണ്മെൻറിന്റെ തൊട്ടുതാഴെ നിലകൊള്ളുന്ന ജില്ലാപരിഷത്തിന്റെ കാര്യത്തിൽ, ഇന്നു നിലവിലുള്ള ജില്ലാ വികസന കമ്മിറ്റികളേക്കാൾ ഒട്ടും മെച്ചപ്പെട്ട നിലയിലല്ലെന്നുകാണാം. ഡിസ്ട്രിക്റ്റു് ഡെവലപ്പ്മെൻറു് കൗൺസിലിന്റെ മാതൃകയിൽതന്നെ കാൺസ്റ്റിറ്റ്യൂട്ട ചെയ്യുന്നതാണു് ജില്ലാപരിഷത്തു്. അതിലെ മെമ്പർമാർ മാറുമെന്നുമാത്രം. ഇത്തരമൊരുരീതി സ്വീകരിച്ചിട്ടുള്ളതുകൊണ്ടു് എങ്ങനെയാണു് പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയുക എന്നുള്ളതു് സംശയഗ്രസ്ഥമാണു്. ഈ നിയമനിർമ്മാണം ഉദ്ദേശിക്കുന്ന ആശയത്തിനു് ഇട്ടപേർ പഞ്ചായത്തുരാജു് എന്നാണു്. പഞ്ചായത്തുരാജു് നാലഞ്ചുകൊല്ലം മുമ്പുതന്നെ ഇൻഡ്യയിലെ മറ്റു ചില സംസ്ഥാനങ്ങളിൽ പ്രയോഗത്തിൽ വരുത്തിയിട്ടുണ്ടു്. ഈ മൂന്നു പതനങ്ങളിൽ ജില്ലാപരിഷത്തിനു് കൂടുതൽ അധികാരം കൊടുത്തുകൊണ്ടുള്ള നിയമനിർമ്മാണങ്ങളും നിലവിലുണ്ടു്, മഹാരാഷ്ട്രാ രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ. ജില്ലാ വികസന കൗൺസിലുകളെപോലെ ജില്ലാപരിഷത്തിനെ നിലനിറുത്തി യൂണിയൻ കൗൺസിലിനു ചില അധികാരങ്ങളും കൊടുക്കുന്ന തരത്തിലുള്ള നിയമനിർമ്മാണം നടത്തിയ സ്റ്റേറ്റുകളുണ്ടു്. മദിരാശി സ്റ്റേറ്റിൽ ഇങ്ങനെയാണു് എന്നു പറയാം. മറ്റു സംസ്ഥാനങ്ങളിൽ കൊണ്ടുവന്നിട്ടുള്ള നിയമനിർമ്മാണങ്ങളും നോക്കി ഒരുവിധത്തിൽ ഈ ബിൽ ഡ്രാഫ്റ്റു ചെയ്തിട്ടുള്ളതെന്നാണു് എന്റെ അഭിപ്രായം. മറ്റൊന്നും പരിഗണിച്ചതായി കാണുന്നില്ല. ഈ സംസ്ഥാനത്തിന്റെ പ്രത്യേകനില കണക്കിലെടുത്തിട്ടില്ല. ഈയ്യിടെമാത്രം നടപ്പാക്കിയ പഞ്ചായത്തുനിയമപ്രകാരം പഞ്ചായത്തിനു കൊടുത്ത അധികാരങ്ങളും പഞ്ചായത്തുകളും പ്രവത്തിക്കാൻ തുടങ്ങുമ്പോഴേക്കുതന്നെ എടുത്തുമാറ്റി യൂണിയൻ കൗൺസിലിനു കൊടുക്കാനുള്ള വ്യവസ്ഥയാണു് ഇതിലുള്ളതു്. പഞ്ചായത്താക്റ്റനുസരിച്ചു് തിരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞ പഞ്ചായത്തുകളും ഇപ്പോൾ പ്രവൃത്തിക്കാൻ തുടങ്ങിയിട്ടല്ലേ ഉള്ള ? തുടർന്നു് ഈ പഞ്ചായത്തുകൾക്കു് കൊടുത്തിട്ടുള്ള പ്രധാനപ്പെട്ട അധികാരങ്ങളും തിരിച്ചെടുക്കുകയാണു്. അതു് യൂണിയൻ കൗൺസിലിനു കൊടുക്കുകയാണു്. ഇതെല്ലാം എത്രകണ്ടു് പ്രവത്തനക്ഷമമാകുമെന്ന കാര്യത്തിലൊക്കെ സംശയമുണ്ടു്. ഈ ത്രീട്ടയർ സിസ്റ്റത്തിൽ യാതൊരു തരത്തിലുള്ള ഭാവനയുംകൂടാതെ അധികാരവികേന്ദ്രീകരണം എങ്ങനെ നടത്തണമെന്നുള്ള യാതൊരു ഐഡിയായും കൂടാതെ പഞ്ചായത്തുകൾക്കുള്ള അധികാരങ്ങളെടുത്തു്. മദ്ധ്യത്തിൽവരുന്ന യൂണിയൻ കൗൺസിലിനു കൊടുത്തുകഴിഞ്ഞാൽ ഇതു് പഞ്ചായത്തുരാജാവുമോ ? എന്റെ അഭിപ്രായത്തിൽ പുതുതായി വരുന്ന രണ്ടു ടയർ, യൂണിയൻ കൗൺസിൽ, ജില്ലാപരിഷത്തു് എന്നിവയെപ്പറ്റി ഒരു പിടിയും ഈ ബില്ലിന്റെ പ്രണേതാക്കൾക്കു് ഇല്ലെന്നു കാണുന്നു. പഞ്ചായത്തിന്റെ പ്രവത്തനം വഷളാവാനുള്ള എല്ലാം ഇതിലുണ്ടു്. ഈ സംസ്ഥാനത്തിലെ സ്ഥിതി വസ്തുനിഷ്ഠമായി പരിശോധിച്ചു് നടപ്പിലായിക്കഴിഞ്ഞ പഞ്ചായത്തിന്റെ അടിസ്ഥാനത്തിൽ മറ്റു രണ്ടു ടയറും എങ്ങനെ സംഘടിപ്പിക്കണം, എത്തു് അധികാരങ്ങൾ കൊടുക്കണം എന്നെല്ലാമുള്ള കാര്യങ്ങൾ വിപുലമായും ഫലപ്രദമായും ചർച്ച നടത്തിയേ മതിയാവൂ. അതു

LIBRARY ARCHIVES Kerala Legislative Assembly

സാധിച്ചു കിട്ടാൻ കുറച്ചുമാസത്തേക്കു് ഈ ബിൽ വിതരണം ചെയ്യണ്ടതു് വളരെ അത്യാവശ്യമാണു്. കാലതാമസം വന്നു പോകും എന്നും മറ്റും പറയുന്നതിൽ യാതൊരർത്ഥവുമില്ല. കാലതാമസം ഒഴിവാക്കി ജാഗ്രതയായി നിയമനിർമ്മാണം നടത്തുന്ന കാര്യമൊക്കെ നമുക്കറിയാം. നിയമസഭായോഗം കൂടാൻ വൈകുന്നതിനെപ്പറ്റിയും തക്കസമയത്തു് നിയമം പാസ്സാക്കാൻ കഴിയാത്തതിനെപ്പറ്റിയും ഇവിടെ പരാമർശങ്ങളും ഉണ്ടായതാണല്ലോ. ഓടിയന്തിരമായി കൊണ്ടുവരേണ്ട നിയമനിർമ്മാണങ്ങളും നീട്ടിക്കൊണ്ടുപോയിട്ടുണ്ടെന്ന ആക്ഷേപം ഇവിടെ ഉന്നയിച്ചിട്ടില്ലേ? ഇതു് നീട്ടിക്കൊണ്ടുപോകാൻ വേണ്ടിയിട്ടല്ല, ഫലപ്രദമാക്കാൻ വേണ്ടിയിട്ടാണു് പറയുന്നതു്. ഇതു് സെലക്ടു് കമ്മിറ്റിക്കു് അയക്കുന്നതിനുമുമ്പു് വ്യക്തമാക്കേണ്ട ഇഷ്യൂസ് ഉണ്ടു് അടിസ്ഥാനകാര്യങ്ങളുമുണ്ടു്. അധികാരവികേന്ദ്രീകരണത്തിന്റെ അതിപ്രധാനപ്രശ്നമുണ്ടു്. മൗലികകാര്യങ്ങളാണിതെല്ലാം. ഇതു് എല്ലാവരും സമ്മതിക്കുന്ന ഒന്നാണു്. ഇവയെ സംബന്ധിച്ചിടത്തോളം പൊതുജനാഭിപ്രായം എന്താണെന്നറിയുന്നതു് ഗവണ്മെന്റിനുതന്നെയും ഗുണകരമാണു്. അതുകൊണ്ടാണു് യൂണിയൻ കൗൺസിലിന്റെയും ജില്ലാപരിഷത്തിന്റെയും കാൺസ്റ്റിറ്റ്യൂഷൻ, അധികാരങ്ങൾ അധികാരവികേന്ദ്രീകരണം എന്നിവയെപ്പറ്റി ഇതിൽ താല്പര്യമുള്ളവർക്കു് ചർച്ച ചെയ്യാനും അഭിപ്രായം പറയാനും കൊടുക്കണമെന്നു പറയുന്നതു്. മുന്നു പതനങ്ങളുടെയും കാൺസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചും അധികാരത്തെ സംബന്ധിച്ചും സവിസ്തരമായി ഇവിടെ ചർച്ച ചെയ്യണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. അധികാരവികേന്ദ്രീകരണത്തിനു് ഉദ്ദേശമുണ്ടെങ്കിൽ അതു് നടപ്പാക്കണമെന്നു് ആഗ്രഹമുണ്ടെങ്കിൽ, അതു് ജില്ലാനിലവാരത്തിൽ വേണമെന്നു് ഊന്നിപ്പറയാൻ ഞാനാഗ്രഹിക്കുന്നു. നേരിട്ടു് തിരഞ്ഞെടുക്കപ്പെടുന്ന ബാഡിയാവണം അതു്. എം. എൽ. എ. മാർ ഇതിൽ വോട്ടില്ലാത്ത മെമ്പർമാരാകുന്നതിൽ തരക്കേടില്ല. എല്ലാ ബാഡികളിലും എം. എൽ. എ. മാർ മെമ്പർമാരായിരുന്നുകൊള്ളണമെന്ന അഭിപ്രായം എനിക്കില്ല. അതല്ല പ്രധാന പ്രശ്നം. ഇവ എങ്ങനെ സംഘടിപ്പിക്കും, എന്താണു് അധികാരം എന്നാണു് പ്രശ്നം. പഞ്ചായത്തു നിയമത്തിൽ മാറ്റം വരുത്താതെ എന്നുവച്ചാൽ പഞ്ചായത്തിന്റെ അധികാരങ്ങളും കുറയ്ക്കാതെ യൂണിയൻ കൗൺസിലും ജില്ലാപരിഷത്തും കാൺസ്റ്റിറ്റ്യൂട്ട ചെയ്യുകയാണാവശ്യം. ഇതൊരു സമീപനത്തിന്റെ പ്രശ്നം കൂടിയാണു്. ഗവണ്മെന്റു് അതിനെ സംബന്ധിച്ചു് ചിന്തിച്ചിട്ടുള്ളതായി കാണുന്നില്ല. അതുകൊണ്ടു് പുതിയൊരു രീതിയിൽ ചിന്തിച്ചു് ഈ ബിൽ രൂപപ്പെടുത്തണമെന്നാണു് എന്റെ അഭിപ്രായം. മറ്റു പല സംസ്ഥാനങ്ങളിലും പഞ്ചായത്തുരാജു് നിലവിൽ വന്നിട്ടുണ്ടു് എന്നു പറഞ്ഞുവല്ലോ. ജില്ലാപരിഷത്തുകളും നിലവിൽ വന്നിട്ടുണ്ടു്. എന്നാൽ പല സംസ്ഥാനങ്ങളിലും അതു് ഫലപ്രദമായിട്ടില്ലെന്നുവച്ചു് ഇവിടെയും അതു ഫലപ്രദമാകുകയില്ല എന്നു വിചാരിച്ചുകൂടാ. രാജസ്ഥാനിൽ പരാജയപ്പെട്ട എന്നുള്ളതുകൊണ്ടു് ഇവിടെ പരീക്ഷിച്ചു നോക്കിക്കൂടെന്നുണ്ടോ? ഇവിടത്തെ സ്ഥിതിക്കു് വ്യത്യാസമില്ലേ? കേരളത്തെപ്പോലെയുള്ള സംസ്ഥാനത്തു് ഒരു പരീക്ഷണമെന്നനിലയിൽ ഒരു പുതിയ സമീപനരീതിയുടെ അടിസ്ഥാനത്തിൽ ജില്ലാപരിഷത്തു് കോൺസ്റ്റിറ്റ്യൂട്ട ചെയ്യു് പ്രവർത്തനം നടത്തുന്നതു നന്നായിരിക്കും. യൂണിയൻ കൗൺസിൽ ഒരുതരം ഉപദേശക ബോഡിയായി നിലനിറുത്തുന്നതാവും നല്ലതു്. യൂണിയൻ കൗൺസിലിനു തൊട്ടുതാഴെയുള്ള പഞ്ചായത്തിന്റെ അധികാരങ്ങളും ഒന്നും തന്നെ കുറച്ചുകൂടാ. ജില്ലാപരിഷത്തിനു കൊടുക്കുന്ന അധികാരം, അതിന്റെ താഴെയായി യൂണിയൻ കൗൺസിലിനു കൊടുക്കേണ്ട അധികാരം, അതിനു താഴെയുള്ള പഞ്ചായത്തിനുള്ള അധികാരം ഇവയുടെ രൂപവൽക്കരണം എന്നിവ സമഗ്രമായി പരിശോധിക്കാൻ സെലക്ടു് കമ്മിറ്റിഘട്ടത്തിൽ സാധിക്കണമെങ്കിൽ ഇവയെപ്പറ്റി വിപുലമായ ചർച്ച നടത്തേണ്ടതുണ്ടു്. അടുത്ത കാലത്തു രൂപവൽക്കരിച്ച പഞ്ചായത്തുകളും പ്രവർത്തിച്ചു തുടങ്ങിയിട്ടല്ലേ ഉള്ളു. അവയുടെ പ്രവർത്തനത്തെ ഒരു വിധത്തിലും തടസ്സപ്പെടുത്തരുതു്. ഈ അടിസ്ഥാനത്തിൽ നിന്നു് ആരംഭിക്കുക. തൊട്ടു മേലേയുള്ള രണ്ടു് ടയറുകളുടെയും കാര്യം മാത്രം സംവിധാനം ചെയ്യുക. ഈ ഘട്ടത്തിൽ യൂണിയൻ കൗൺസിലിനെ പ്രത്യേകമായിട്ടുള്ള ഒരു ബോഡിയായി കാണണം. ജില്ലാപരി

LIBRARY ARCHIVES Kerala Legislative Assembly

ഷത്തു് കാൺസ്റ്റിറ്റ്യൂട്ട ചെയ്യുന്ന കാര്യത്തിലും മൗലികമായ വ്യത്യാസം വരുത്തണം. സ്റ്റേറ്റു നിലവാരത്തിനു് തൊട്ടുതാഴെയുള്ള ഒരു ഘടകമെന്ന നിലയിൽ ജില്ലാ പരിഷത്തു് നിലകൊള്ളാൻ അനുവദിക്കണം. ഈ വിഷയത്തെ സംബന്ധിച്ചു് വളരെ പരസ്യമായിട്ടുള്ള അന്വേഷണം ആവശ്യമാണു്. പുതിയൊരു വിഷയമാണിതു്. പുതിയതായുള്ള അറിവുകൂടി ഈ കാര്യത്തിൽ നമുക്കു് സിദ്ധിക്കേണ്ടതായിട്ടുണ്ടു്. യഥാർത്ഥത്തിൽ ഡീസെൻട്രലൈസേഷൻ ഓഫ് പവ്വേഴ്സ് നടത്തുവാനുള്ള ആഗ്രഹമുണ്ടെങ്കിൽ ഒരു പുതിയ സമീപനം ഇത്തരം നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ നാം അവലംബിക്കണം. ഒരു ബില്ലുണ്ടാക്കി ഏതു തരത്തിലും അതു പാസ്സാക്കി എടുത്താൽ അതുകൊണ്ടു് പ്രയോജനമില്ല. മറ്റു പല നിയമനിർമ്മാണങ്ങളും നടത്തുന്നതുപോലെ അതു തിടുക്കത്തിൽ ഇതു് ഒക്കെയില്ല. വളരെ ആലോചിച്ചു് നന്നായി പഠിച്ചു് വേണ്ടുവോളം ചർച്ച നടത്തി ചെയ്യേണ്ട ഒരു നിയമ നിർമ്മാണമാണിതു്. ഈ ബില്ലിന്റെ കാര്യത്തിൽ കുറച്ചു കാലതാമസം വന്നു പോയാൽ അതത്ര കാര്യമാക്കേണ്ടതില്ല പഞ്ചായത്തു രാജിന്റെ കാര്യത്തിലും മറ്റും ജനങ്ങളുടെ അഭിപ്രായമെന്താണു് എന്നുള്ളതു കണക്കിലെടുത്തുകൊണ്ടു് ഈ നിയമ നിർമ്മാണം മുന്നോട്ടു കൊണ്ടു പോകുന്നതു നന്നായിരിക്കും. ഈ കാര്യത്തിൽ പൊതുജനങ്ങളെ സമീപിക്കണം. വിപുലമായ ചർച്ചകൾക്കു് സൗകര്യമുണ്ടാക്കണം. അതിനുശേഷം ഇതു് നിയമമാക്കാൻ നടപടി എടുക്കണം. അതുവഴി ജില്ലാപരിഷത്തിന്റെയും യൂണിയൻ കൗൺസിലിന്റെയും രൂപവൽക്കരണവും അധികാരവിതരണവും തിട്ടപ്പെടുത്താൻ കഴിയും. നിയമ നിർമ്മാണം കഴിവതും മെച്ചപ്പെടുത്താം. ഈ രണ്ടു സ്ഥാപനങ്ങൾക്കും കൊടുക്കേണ്ട അധികാരം ചുവട്ടിൽ നിന്നു് എടുക്കേണ്ടതാണോ, മുകളിൽ നിന്നു് എടുക്കേണ്ടതാണോ എന്നെല്ലാം ഇതിൽ വ്യക്തമല്ല. ശരിയായ ഒരു ചോദ്യാവലി തയ്യാറാക്കി ബില്ലിനൊപ്പം വിതരണം ചെയ്യണം. ചർച്ചകൾക്കുശേഷം ബിൽ ഡ്രാഫ്റ്റ് ചെയ്യണം. ഈ ബിൽ പൊതുജനാഭിപ്രായമറിയാൻ വിടണം എന്നു് ഒരിക്കൽ കൂടി അപേക്ഷിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ ബിൽ പൊതുജനാഭിപ്രായത്തിനു വയ്ക്കണമെന്ന അഭിപ്രായത്തെ ഞാൻ പിൻതാങ്ങുകയാണു്. അധികാര വികേന്ദ്രീകരണം നടപ്പിലാക്കുന്നുവെന്നാണു് ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യപ്രഖ്യാപനത്തിൽ അവകാശപ്പെടുന്നതു്. എന്നാൽ ഈ കാര്യത്തിനുവേണ്ടി, അധികാരവികേന്ദ്രീകരണത്തിനുവേണ്ടി ഏതെല്ലാം വകുപ്പുകളാണു് നിലകൊള്ളുന്നതെന്നു ഈ ബിൽ ഒട്ടാകെ പരിശോധിച്ചു നോക്കിയാൽ ഈ ബില്ലിലെ പ്രധാനപ്പെട്ട വകുപ്പുകളെല്ലാം തന്നെ അതു നിഷേധിക്കുന്നതായി കാണുവാൻ കഴിയുന്നുണ്ടു്. പഞ്ചായത്തു യൂണിയന്റെ പ്രവർത്തനത്തെയും, അതിന്റെ അധികാരത്തെയും പറ്റി പറയുന്ന ഇതിലെ 41-ാംവകുപ്പിൽ പറയുന്നതു ഇങ്ങനെയാണു്:

10 A.M.]

The Union shall be the basic unit of Planning and Development in the State and shall as such, be responsible for the preparation and execution of all schemes of local welfare and development for the area.

അതായതു്, അടിസ്ഥാന ഘടകമെന്ന നിലയിൽ സമൂഹത്തിന്റെ വികസനത്തെ ഉദ്ദേശിച്ചു് വികസന പദ്ധതികളും തയ്യാറാക്കേണ്ടതും, അതിന്റെ പ്ലാൻ തയ്യാറാക്കേണ്ടതും; അതിനടിസ്ഥാനമായി പ്രവർത്തിക്കേണ്ടതുമായ ഒരു യൂണിയൻ എന്ന നിലയിലാണു് പഞ്ചായത്തു യൂണിയനെ വിഭാവനം ചെയ്യുന്നതു്. ഈ യൂണിയന്റെ ചുമതലകളെ സംബന്ധിച്ചു 42-ാംവകുപ്പിൽ വിശദമായി പറയുന്നുണ്ടു്. അധികാര വികേന്ദ്രീകരണത്തിന്റെ പേരിൽ ജനങ്ങളിലേക്കു് കൂടുതൽ അധികാരം പകർന്നു ജനാധിപത്യപരമായി ഇതു് നടപ്പിൽ വരുത്തണമെന്ന അധികൃതമായ പ്രഖ്യാപനത്തിനു് എതിരായിട്ടുള്ളതാണു് ഇതിലെ പല വകുപ്പുകളുമെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. 1958—ൽ ഒരു ഭരണ പരിഷ്കാര കമ്മിറ്റിയെ നിയമിക്കുകയും, ആ കമ്മിറ്റി ഒരു റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തിട്ടുണ്ടു്. അതു് പരസ്യംചെയ്തിട്ടുമുണ്ടു്. ആ റിപ്പോർട്ടു് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

മുമ്പാകെ ഉണ്ട്. ഭരണപരിഷ്ക്കാര കമ്മിറ്റി സംഘടിപ്പിച്ചതു് അധികാര വികേന്ദ്രീകരണം സംബന്ധിച്ചിടത്തോളം കുറെകൂടി വിദഗ്ധമായ ഉപദേശം ഗവണ്മെൻറിനു ലഭിക്കുവാൻ വേണ്ടിയാണു്. അന്നു കേരളാ ഗവണ്മെൻറു സംഘടിപ്പിച്ച ആ കമ്മിറ്റിയിൽ അധികൃതമായി ഈ വിഷയത്തെ സംബന്ധിച്ചു പറയാൻ കഴിവുള്ള എസ്. ഡി. മാളവ്യയെപോലുള്ള ആളുകളും അംഗങ്ങളായിട്ടുണ്ടായിരുന്നു. ആ കമ്മിറ്റി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൻറെ കാര്യം ഈ ബിൽ തയ്യാറാക്കുന്ന അവസരത്തിൽ ഗവണ്മെൻറു പരിശോധിച്ചിട്ടുണ്ടോ എന്നു സംശയം തോന്നത്തക്കവിധത്തിലാണു് ഈ ബിൽ തയ്യാറാക്കിയിട്ടുള്ളതു. ആ റിപ്പോർട്ടിൽ വികസന പ്രവർത്തനങ്ങളും നടത്തുന്നതിനും, വികസന പ്രവർത്തനങ്ങൾക്കുള്ള പ്ലാൻ തയ്യാറാക്കുന്നതിനുമുള്ള ഘടകമായി അംഗീകരിക്കേണ്ടതു് പഞ്ചായത്തിനെയാണെന്നു പറഞ്ഞിട്ടുണ്ടു്. ജനങ്ങളെ കാര്യങ്ങളും പറഞ്ഞു മനസ്സിലാക്കിക്കൊണ്ടു്, പഞ്ചായത്തിലെ ആളുകളെയെല്ലാം ചേർത്തുകൊണ്ടു് അല്ലെങ്കിൽ കുറെ പഞ്ചായത്തുകളെ ഒന്നായി ചേർത്തുകൊണ്ടു് വികസന പ്രവർത്തനങ്ങളും നടത്തുന്നതിനു് ഒരടിസ്ഥാന ഘടകമായി പഞ്ചായത്തുകളും പ്രവർത്തിക്കണമെന്നാണു് ഭരണ പരിഷ്ക്കാര കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നതു്. അതിനു് കടകവിരുദ്ധമായിട്ടുള്ള വകുപ്പുകളാണു് ഈ ബില്ലിൽ ഉള്ളതു്. പഞ്ചായത്തു യൂണിയനിലേക്കുള്ള അംഗങ്ങളെ നേരിട്ടതിരഞ്ഞെടുക്കുമെന്നു ഇതിൽ പറഞ്ഞിട്ടില്ല. പഞ്ചായത്തു പ്രസിഡണ്ടന്മാരും മറ്റുമാണു് ഇതിലെ അംഗങ്ങളും. പ്രായപൂർത്തി വോട്ടവകാശത്തിൻറെ അടിസ്ഥാനത്തിൽ നേരിട്ടു തിരഞ്ഞെടുത്തുവരുന്ന ആളുകളും വികസന പ്രവർത്തനത്തിൻറെ പ്ലാൻ തയ്യാറാക്കുവാനും, അതു നടത്തുവാനുമുള്ള ഉദ്ദേശം ഈ ബില്ലിലില്ല. അധികാര വികേന്ദ്രീകരണം നടപ്പിലാക്കുന്നു എന്നു കൊട്ടിഘോഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തുകൾക്കു് കൊടുത്തിരിക്കുന്ന അധികാരങ്ങളുംതന്നെ കവർന്നെടുക്കുന്ന വിധത്തിലാണു് ഈ ബിൽ ഉണ്ടാക്കിയിരിക്കുന്നതു്. ഇങ്ങനെയുള്ള ഒരു ബിൽ കൊണ്ടുവരണമെന്നു ഗവണ്മെൻറിനു നേരത്തെ ഉദ്ദേശമുണ്ടായിരുന്നെങ്കിൽ എന്തിനാണു് ഇപ്പോഴും ഈ പഞ്ചായത്തു തിരഞ്ഞെടുപ്പു നടത്തിയതെന്നു ഞാൻ ചോദിക്കുകയാണു്. കൂടുതൽ അധികാരം ജനങ്ങൾക്കു കൊടുക്കുവാൻ വേണ്ടിയാണു് ഈ ബിൽ കൊണ്ടുവന്നതെങ്കിൽ ഈ ബിൽ നിയമമായി തീരുന്നതുവരെ പഞ്ചായത്തു തിരഞ്ഞെടുപ്പു് നീട്ടിവയ്ക്കാമായിരുന്നു. അതല്ലാ ഗവണ്മെൻറിൻറെ ഉദ്ദേശം. ഇവിടെ ഇപ്പോഴും പഞ്ചായത്തു തിരഞ്ഞെടുപ്പു് നടന്നു. അതിനുശേഷം പഞ്ചായത്തിൻറെ അധികാരങ്ങളെല്ലാം മറൊരു ഘടകത്തിനു പകർന്നു കൊടുക്കത്തക്കവിധത്തിലുള്ള ഒരു ബിൽ കൊണ്ടുവന്നിരിക്കുകയാണു്. ഇങ്ങനെയാണെങ്കിൽ പഞ്ചായത്തുകൾക്കു് കൂടുതൽ അധികാരം കൊടുക്കേണ്ട കാര്യംതന്നെ ഇല്ലായിരുന്നു. പഞ്ചായത്തിൻറെ പ്രധാന വരുമാനമാർഗ്ഗങ്ങളും എടുത്തുകളയുന്ന വിധത്തിൽ ഇത്തരം യൂണിയൻ കൗൺസിലുകൾ ഉണ്ടാക്കേണ്ട കാര്യമില്ലായിരുന്നു. ഈ യൂണിയൻ കൗൺസിലിനു ഒരു തിരഞ്ഞെടുക്കപ്പെട്ട ഘടകത്തിൻറെ അധികാരം ഇല്ലതാനും. തിരഞ്ഞെടുക്കപ്പെട്ട യൂണിയൻ കൗൺസിലിനു എന്തെങ്കിലും കൂടുതൽ അധികാരം കൊടുക്കുവാൻ ഈ ഗവണ്മെൻറു തയ്യാറില്ലെന്നു വളരെയധികം വ്യക്തമാക്കുന്ന ഒന്നാണു് ഈ ബില്ലെന്നു പറയാതെ തരമില്ല. പഞ്ചായത്തിനുള്ള അധികാരം കവർന്നെടുക്കാനുള്ള പരിശ്രമം ഇതിൽ ചെയ്തിട്ടുണ്ടു്. പഞ്ചായത്തുകളുടെ ചില അധികാരങ്ങളും എടുത്തു കളഞ്ഞതിനെപ്പറ്റി ഇവിടെ വളരെയധികം പരാമർശനം ഉണ്ടായിട്ടുള്ളതാണു്. ജില്ലാ പരിഷത്തിൻറെ ഘടനയെ സംബന്ധിച്ചു വളരെയധികം വിമർശനങ്ങളും ഇവിടെ ഉണ്ടായിട്ടുള്ളതാണു്. ഭരണ പരിഷ്ക്കാര കമ്മിറ്റിതന്നെ ഈവക കാര്യങ്ങളും വളരെ വിദഗ്ധമായി പരിശോധിച്ചു അവരുടെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതാണു്. ഇൻഡ്യയിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചു വളരെയധികം പഠിച്ചു വിലയേറിയ സംഭാവന അതുസംബന്ധിച്ചു ചെയ്തിട്ടുള്ള ശ്രീ. മാളവ്യയെപോലുള്ള ആളുകളും അഭിപ്രായപ്പെട്ടിട്ടുള്ളതിനു എതിരായിട്ടുള്ള അഭിപ്രായമാണു് ജില്ലാ പരിഷത്തിനെ സംബന്ധിച്ചിടത്തോളം ഈ ബില്ലിൽ ആവിഷ്കരിച്ചിട്ടുള്ളതു്.

എന്തൊക്കെയായാലും ജില്ലാ പരിഷത്തു് തെരഞ്ഞെടുക്കപ്പെട്ട ഘടകമാകാൻ പാടില്ലെന്നുള്ള നിലപാടാണു് എടുത്തിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇന്നലെയും ഇന്നുമായി ഇതിന്റെ ആപാദചൂടം ചർച്ച നടന്നിട്ടുള്ള സ്ഥിതിക്കു് മുമ്പു പറയാത്തതു പറഞ്ഞാൽപോരേ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ: പൊതുജനാഭിപ്രായത്തിനയക്കണം എന്നുള്ള കാര്യം പറയുമ്പോഴും, മുഖ്യമായിട്ടുള്ള കാര്യങ്ങളും പറയേണ്ടിവരും. കളക്ടർ, പഞ്ചായത്തിന്റെ പ്രതിനിധികളും, മുനിസിപ്പൽ ചെയർമാൻമാർ, കോവാപ്പറേറീവ് സെൻട്രൽ ബാങ്കിന്റെ പ്രസിഡന്റു്, വികസന ഉദ്യോഗസ്ഥന്മാർ ഇത്രയുമാണു് ജില്ലാ പരിഷത്തിൽ ഉള്ളതു്. ഡിസ്ട്രിക്റ്റു ഡവലപ്പുമെന്റു് കമ്മിറ്റിക്കും ഇതിനും തമ്മിൽ എന്താണു് വ്യത്യാസം? ഇപ്പോഴത്തെ ഡവലപ്പുമെന്റു കൗൺസിലിനു് ഇതിനേക്കാൾ കൂടുതൽ പ്രാതിനിധ്യ സ്വഭാവമുണ്ടു്. 1958-ൽ ഗവണ്മെന്റു പുനഃസംഘടിപ്പിച്ച ഡി. ഡി. സി.യിലെ പ്രാതിനിധ്യസ്വഭാവംപോലും ഇതിനില്ല. അന്നാണെങ്കിൽ ടെയിഡ് യൂണിയൻ സംഘടനകളുടേയും കാർഷിക സംഘടനകളുടേയും പ്രവർത്തകന്മാർകൂടി അതിനകത്തുണ്ടായിരുന്നു. ജില്ലയിൽ ആകെയുള്ള വികസന പ്രവർത്തനങ്ങളും തയ്യാറാക്കുന്ന കാര്യത്തിലും മറ്റും ജില്ലാ പരിഷത്തിനു് അധികാരം ഉണ്ടായിരിക്കണമെന്നാണു് ഭരണ പരിഷ്കാര കമ്മിറ്റിയുടെ ഭൂരിപക്ഷം അഭിപ്രായപ്പെട്ടിട്ടുള്ളതു്. അതിനാവശ്യമായ ധനപരമായ സൗകര്യങ്ങളും കഴിവുകളും ജില്ലാപരിഷത്തിനു് ഉണ്ടായിരിക്കുകയുംവേണം. ഭരണപരിഷ്കാരക്കമ്മിറ്റിയിലെ ന്യൂനപക്ഷമാണു് ഇതിനെ എതിർത്തിട്ടുള്ളതു്. ഇതിനൊരു ഉപദേശക സ്വഭാവം മാത്രമെ ഉണ്ടാകാൻ പാടുള്ളൂ എന്ന നിലയിലാണു് അവർ എതിർത്തിട്ടുള്ളതു്. ജില്ലാ പരിഷത്തു് ജില്ലയിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം പൂണ്ടിക്കാണിച്ചു് ഗവണ്മെന്റിനെ ഉപദേശിക്കാനുള്ള ഒരു ബാഡി ആയിരിക്കുകയല്ലാതെ ആ സ്കീം നടപ്പിൽവരുത്താനുള്ള ബാഡിയാകാൻ പാടില്ലെന്നാണു് ന്യൂനപക്ഷം അഭിപ്രായപ്പെട്ടിട്ടുള്ളതു്. അതേ അവസരത്തിൽ ജില്ലയിലെ ആകെയുള്ള പ്രവർത്തനം നിയന്ത്രിക്കാനും അതു നടപ്പിൽ വരുത്താനും ഉള്ള ഒരു ബാഡിയായി ഇരിക്കണമെന്നുള്ള അഭിപ്രായത്തിലാണു് ഭൂരിപക്ഷ അഭിപ്രായം. ആ ഭൂരിപക്ഷ അഭിപ്രായത്തെ നിഷേധിച്ചും ന്യൂനപക്ഷ അഭിപ്രായത്തെ അംഗീകരിച്ചും ആണു് ഇപ്പോഴത്തെ ബിൽ തയ്യാറാക്കിയിട്ടുള്ളതു്. ഈ ബിൽപ്രകാരം ഗവണ്മെന്റിനെ ഉപദേശിക്കുന്നതിനുള്ള അധികാരമേ കൊടുക്കുന്നുള്ളൂ. അങ്ങനെ ഗവണ്മെന്റിനെ ഉപദേശിക്കാൻ ഇങ്ങനെയൊരു ബിൽ ഇപ്പോഴും കൊണ്ടുവരേണ്ടയാവശ്യമില്ല. അതിനു് ഇന്നത്തെ ഡിസ്ട്രിക്റ്റു ഡവലപ്പ്മെന്റു കൗൺസിൽ ഉണ്ടല്ലോ. ആ കൗൺസിലിനില്ലാത്ത എന്തധികാരമാണു് പരിഷത്തിനു കൊടുത്തിട്ടുള്ളതെന്നു വ്യക്തമാകുന്നില്ല. മറ്റു സംസ്ഥാനങ്ങളിൽ ഇത്തരം കാര്യങ്ങളിൽ സ്വീകരിച്ചിട്ടുള്ള നിലപാടു് ഒന്നു പരിശോധിച്ചുനോക്കേണ്ടതാണു്. 1958-ൽ ഇവിടത്തെ ഭരണപരിഷ്കാരക്കമ്മിറ്റിയിലെ ഭൂരിപക്ഷം പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളെ തള്ളിക്കളഞ്ഞുകൊണ്ടാണു് ഈ ഗവണ്മെന്റു ഇതു നടപ്പിലാക്കാൻ ശ്രമിക്കുന്നതു. അതേയവസരത്തിൽ അധികാരവികേന്ദ്രീകരണം ജനാധിപത്യപരമായ രീതിയിൽ നടപ്പിൽവരുത്തുന്നതിനു് ഗവണ്മെന്റിനെ ഉപദേശിക്കാൻ നിശ്ചയിച്ച ഗ്രൂജറാത്തിലെ ഒരു കമ്മിറ്റി റിപ്പോർട്ടു് വായിക്കാൻ ഇടയായി. ഗവണ്മെന്റു് ഇപ്പോഴും ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കെതിരായി ഭരണപരിഷ്കാര കമ്മിറ്റിയിലെ ഭൂരിപക്ഷം അഭിപ്രായപ്പെട്ട അതേതോതിലുള്ള തെരഞ്ഞെടുക്കപ്പെട്ട ജില്ലാ പരിഷത്താണു് ഗ്രൂജറാത്തു് കമ്മിറ്റി ശുപാർശചെയ്തിട്ടുള്ളതു്. ലൈബ്രറിയിൽനിന്നു കിട്ടിയ റിപ്പോർട്ടു് ഹിന്ദിയിലാണു്. ഇംഗ്ലീഷിലുണ്ടോ എന്നു് എനിക്കറിഞ്ഞുകൂടാ. 1964-ൽ ഈ ബിൽ കൊണ്ടുവരുമ്പോഴും, ഈ റിപ്പോർട്ടുകൂടി മനസ്സിൽവച്ചുകൊണ്ടു് വേണ്ട മാറ്റങ്ങളും വരുത്തുന്നതിനു് ശ്രമിക്കേണ്ടതാണു്. കൺഗ്രസ്സു് ഗവണ്മെന്റു് നിശ്ചയിച്ച കമ്മിറ്റി റിപ്പോർട്ടാണു്. ഓരോ താലൂക്കു പഞ്ചായത്തിലേയും അദ്ധ്യക്ഷന്മാർ ഇതിലെ മെംബറന്മാരായിരിക്കും,

മി. സ്പീക്കർ: പദാനുപദ തർജിമ ആവശ്യമില്ല. ഹിന്ദിയിലുള്ളതു് വായിച്ചുതുകൊണ്ടു് കാര്യമില്ലതാനും,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഏ. ദാമോദരമേനോൻ: അദ്ദേഹത്തിനു ഹിന്ദി അറിയാമെന്നുള്ള വസ്തുതകൂടി ഇതുമൂലം നമ്മെ മനസ്സിലാക്കാമല്ലൊ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രിക്കുകൂടി അറിയാൻ വേണ്ടിയാണു് ഞാൻ വായിക്കുന്നതു്.

പഞ്ചായത്തു പ്രസിഡൻറും, പഞ്ചായത്തംഗങ്ങളിൽനിന്നും തിരഞ്ഞെടുക്കുന്ന ഒരാളും, പഞ്ചായത്തു പ്രതിനിധികളുടെ അത്രതന്നെ വരുന്ന അംഗങ്ങളെ നേരിട്ടു തിരഞ്ഞെടുത്തു അങ്ങിനെയുള്ള അംഗങ്ങളും ജില്ലാ പരിഷത്തിൽ ഉണ്ടായിരിക്കണം ഇതാണു് ഈ റിപ്പോർട്ടിൽ പറയുന്നതു്". ഇവിടെ നേരിട്ടുള്ള തിരഞ്ഞെടുപ്പു് നിഷേധിക്കുന്നു. അതേസമയത്തു് ഗുജറാത്തിൽ തയാറാക്കിയിട്ടുള്ള റിപ്പോർട്ടു നേരിട്ടുള്ള തിരഞ്ഞെടുപ്പിൽകൂടിവരുന്ന ആളുകളും ജില്ലാ പരിഷത്തിലെ ആംഗങ്ങളായിരിക്കണമെന്നു പറഞ്ഞിരിക്കുകയാണു്. തിരഞ്ഞെടുക്കപ്പെട്ട സമിതിക്കു് അധികാരം പകർന്നുകൊടുക്കുന്ന രീതി അവസാനിപ്പിച്ചു് ജനങ്ങൾക്കു് അധികാരം കൊടുക്കണമെന്ന തത്വത്തെ അംഗീകരിക്കണമെന്നുള്ളതുകൊണ്ടാണു് ഇതു് ഇപ്പോഴത്തെ സെലക്ടുകമ്മിറ്റിക്കു വിടാതെ പൊതുജനാഭിപ്രായത്തിനു് വിട്ട ആ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും ബിൽ തയ്യാറാക്കിക്കൊണ്ടുവരണമെന്നുള്ള അടിസ്ഥാനത്തിൽ ഞാൻ മോഷനെ സപ്പോർട്ടുചെയ്യുന്നതു്.

ശ്രീ. പി. വിശ്വംഭരൻ: പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി ഈ ബിൽ സർക്കുലേറ്റു ചെയ്യണമെന്നുള്ള ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. ഇവിടെ പലതവണ പറഞ്ഞിട്ടുള്ള ഒരു കാര്യം ഒന്നാവർത്തിക്കാൻ എന്നെ അങ്ങു് അനുവദിക്കണം. അതായതു് ജനാധിപത്യവികേന്ദ്രീകരണം എന്നു പറയുന്നതു് ഈ മന്ത്രിമാർ ഇനി പറയാതെയെങ്കിലും ഇരിക്കണമെന്നു് എനിക്കു് അപേക്ഷയുണ്ടു്. പ്രവൃത്തി മറിച്ചാണു്. അതു ചെയ്തുകൊള്ളട്ടെ. വായിച്ചാൽ മനസ്സിലാകുമെന്നുള്ള ആളുകളോടും ജനാധിപത്യവ്യവസ്ഥ അനുസരിപ്പു് തിരഞ്ഞെടുക്കപ്പെട്ടു് ഇവിടെ വന്നിട്ടുള്ള ആളുകളോടും ജനാധിപത്യത്തെപ്പറ്റിയും ജനാധിപത്യവികേന്ദ്രീകരണത്തെപ്പറ്റിയും ഉള്ള ഗിരിപ്രസംഗം മന്ത്രിമാർ അവസാനിപ്പിക്കണം. ഈ ബില്ലിന്റെ ഉദ്ദേശകാരണവിവരണത്തിൽ പറയുന്നതനുസരിച്ചല്ല, ബില്ലിൽ എഴുതിവച്ചിരിക്കുന്നതു് എന്നുള്ളതുകൊണ്ടാണു് ബിൽ സർക്കുലേറ്റു ചെയ്യണമെന്നു പറയുന്നതു്. അങ്ങനെ ഈ ബിൽ സർക്കുലേറ്റുചെയ്തു് പൊതുജനാഭിപ്രായം അറിഞ്ഞശേഷം ഇതിൽ പറയുന്ന ഉദ്ദേശങ്ങൾക്കനുസരണമായി ബിൽ റീഡ്രാഫ്റ്റു ചെയ്യണം. ഇതു് തുടരെ കണ്ടുവരുന്ന ഒരു പ്രവണതയാണു്. നമ്മുടെ മന്ത്രിമാർക്കു് എന്താണു് ഇങ്ങനെ വന്നുകൂടുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ജനാധിപത്യത്തെപ്പറ്റി വളരെ പ്രസംഗിച്ചു് ജനാധിപത്യവ്യവസ്ഥയിൽകൂടി തിരഞ്ഞെടുത്താണു് നിയമസഭയിൽ വരുന്നതു്. മന്ത്രിമാർ ആകുന്നതുവരെ ആ തത്വങ്ങളെപ്പറ്റി ആവേശത്തോടുകൂടി പ്രസംഗിക്കും. എന്നാൽ മന്ത്രിമാരായിക്കഴിഞ്ഞാൽ ഉദ്യോഗസ്ഥന്മാർ എഴുതിക്കൊടുക്കുന്നതു് ഇവിടെ കൊണ്ടുന്നവതരിപ്പിക്കുന്ന നിലയാണു് വന്നുചേരുക. വിശേഷിച്ചും ജനാധിപത്യത്തിന്റെ വളരെ കാതലായ ഭാഗങ്ങളെ സ്പർശിക്കുന്ന ബില്ലെങ്കിലും ഉദ്യോഗസ്ഥന്മാരുടെ ഉപദേശത്തെമാത്രം ആശ്രയിച്ചു് നിയമസഭയിൽ ഒകൊണ്ടുവരരുതെന്നാണു് എനിക്കു പറയുവാനുള്ളതു്. മന്ത്രിതന്നെ പറഞ്ഞു ഇതുസംബന്ധിച്ചു് മറ്റുപല സ്ഥലങ്ങളിലും നിയമനിർമ്മാണം നടന്നിട്ടുണ്ടെന്നു്. അതിൽ മദ്രാസു് നിയമത്തെ മാതൃകയായി സ്വീകരിച്ചാണു് ഈ ബിൽ തയ്യാറാക്കിയതെന്നു് പറഞ്ഞു. മദ്രാസു് നിയമം ഇതുസംബന്ധിച്ചുള്ള ഇൻഡ്യയിലെ ആദ്യത്തെ നിയമമാണെന്നാണു് എന്റെ ധാരണ. 1958–ലാണു് മദ്രാസു് നിയമം പാസ്സായതു്. അതു കഴിഞ്ഞശേഷമാണു് പഞ്ചായത്തുരാജിനെപ്പറ്റിയുള്ള നയങ്ങൾ ഇൻഡ്യാഗവണ്മെൻറു് രൂപീകരിക്കുകയും അതു സംബന്ധിച്ചുള്ള നടപടികളും എല്ലാ ഗവണ്മെൻറുകളും എടുക്കുകയും ചെയ്തിട്ടുള്ളതു്. അങ്ങനെ പഞ്ചായത്തുരാജിനെപ്പറ്റിയും അധികാരവികേന്ദ്രീകരണത്തെപ്പറ്റിയുമുള്ള നയങ്ങൾ സ്വീകരിച്ചശേഷം ഇൻഡ്യയിൽ പല സംസ്ഥാനങ്ങളിലും നിയമ

ങ്ങളും പാസ്സാക്കിയിട്ടുണ്ട്. അതിനുശേഷം പാസ്സാക്കിയ നിയമങ്ങളെ മാതൃകയായും ആധാരമായും സ്വീകരിക്കാതെ ആദ്യമായി ഉണ്ടായ നിയമത്തെ സ്വീകരിക്കുന്നതു് അയൽസംസ്ഥാനത്തെ നിയമമാണെന്നുള്ള ഒരൊറ്റ കാരണംകൊണ്ടു് സാധൂകരിക്കാൻ കഴിയുമെന്നെനിക്കു തോന്നുന്നില്ല. 1959–ൽ രാജസ്ഥാനിൽ നിയമം പാസ്സാക്കി. 1961–ലാണു് ഗുജറാത്തിൽ നിയമം പാസ്സാക്കിയതു്. ഏറ്റവും അവസാനമായി മഹാരാഷ്ട്രായിലാണു് പാസ്സാക്കിയിട്ടുള്ളതു്. മഹാരാഷ്ട്രായിലുണ്ടായ നിയമത്തിലാണെങ്കിൽ ജില്ലാ പരിഷത്തിനു് ആ ജില്ലയിലെ എല്ലാ വികസനപ്രവർത്തനങ്ങളുടേയും എക്സിക്യൂട്ടീവു് അധികാരം നൽകിയിട്ടുണ്ടു്. ജില്ലാ പരിഷത്തു് ചെയർമാനു് അതായതു് ജില്ലയിലെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ഒരു മന്ത്രിയുടെ പദവിയും അധികാരവും മറ്റെല്ലാ സൗകര്യങ്ങളും നൽകിയിട്ടുണ്ടെന്നാണു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. അങ്ങനെ മന്ത്രിമാരല്ലാത്ത കുറെയാളുകളെ മന്ത്രിപദവിയിലേക്കു് പോകുന്നതു് നമ്മുടെ സംസ്ഥാനത്തിലെ മന്ത്രിമാർക്കു് സഹിക്കാനൊക്കുകയില്ലെങ്കിൽ, അതുതന്നോടം പോകണമെന്നില്ല. ഗുജറാത്തിലേയോ, രാജസ്ഥാനിലേയോ നിയമത്തിന്റെ അതുവരെയെങ്കിലും പോകാൻ അനുവദിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ഈ ബില്ലിന്റെ പല പ്രധാനപ്പെട്ട വകുപ്പുകളെ സംബന്ധിച്ചും ഇവിടെ ചർച്ച നടന്നിട്ടുണ്ടു്. എന്നാൽ എം. എൽ. എ. മാരെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രകടിപ്പിച്ച അഭിപ്രായത്തിൽനിന്നും വിഭിന്നമായ ഒരു അഭിപ്രായമാണു് എനിക്കുള്ളതു്, ഉപദേശകരൂപത്തിലാണെങ്കിലും അല്ലെങ്കിലും ഈ പഞ്ചായത്തു യൂണിയൻ കൗൺസിലുകൾക്കു് ചില അധികാരങ്ങളും ഉണ്ടെന്നാണു് പറയുന്നതു്. അതാണു് ഉദ്ദേശമെങ്കിൽ ഈ നിയമസഭയിൽ അക്കാര്യങ്ങളും ചർച്ച ചെയ്യുന്ന ആളുകൾക്കു് ഈ സമിതികളിലും പങ്കെടുക്കുന്നതു നല്ലതാണെന്നാണു് എനിക്കു പറയുവാനുള്ളതു്. ഇങ്ങനെ ഈ അധികാരങ്ങളെല്ലാം ഡയറക്ടർ കൈയടക്കുന്നതു ശരിയല്ല. ചില ബഹുമാനപ്പെട്ട മെമ്പറന്മാർ അഭിപ്രായപ്പെട്ടതു് എം. എൽ. എ. മാർ അസോസ്യേറ്റഡ് മെമ്പറന്മാർ ആയിരിക്കുന്നതു് നല്ലതാണെന്നാണു്. എന്നാൽ ഭ്രാന്തന്മാരേയും കുഷ്ഠരോഗികളേയുംപോലെ എം. എൽ. എ. മാരെയും ഇതിൽ അയോഗ്യന്മാരായി പ്രഖ്യാപിച്ചിരിക്കുന്നതിനെ ഞാൻ ശക്തിയായി എതിർക്കുന്നു. ഈ മന്ത്രി ഇതു വായിച്ചുനോക്കീട്ടാണോ സർ ഇതു് ഇവിടെ കൊണ്ടുവന്നതു്. എം. എൽ. എ. മാർ പഞ്ചായത്തുമെമ്പറന്മാരാകുന്നതിൽ തടസ്സമൊന്നുമില്ല. അവരിൽ ചിലർ ജയിക്കുകയും ചിലർ പരാജയപ്പെടുകയും ചെയ്യും. ജയിച്ചവരിൽ ചിലർ പ്രസിഡൻറന്മാരുമായി. അവർ ഈ പഞ്ചായത്തു യൂണിയൻ കൗൺസിലിൽ മെമ്പറന്മാരായിരിക്കാൻ വ്യവസ്ഥ ചെയ്യുന്നതു കൊള്ളാം, ഒരു എം. എൽ. എ. ക്കു് ഒരു എം. എൽ. എ. ആയി തുടരുന്നതിനേക്കാൾ ഒരു പഞ്ചായത്തു യൂണിയൻ കൗൺസിൽ പ്രസിഡൻറായിട്ടു് അല്ലെങ്കിൽ മെമ്പറായിട്ടോ തുടരുന്നതാണു നല്ലതു്, എന്നു തോന്നിയാൽ അതു് അനുവദിച്ചുകൂടെ സർ.

സർ, ഒരു എം. എൽ. എ. ഒരു പഞ്ചായത്തു യൂണിയൻ കൗൺസിലിൽ പ്രസിഡൻറായിട്ട സ്ഥാനം കിട്ടണം എന്നു് ആഗ്രഹിച്ചുപോയാൽ അതു തെറ്റാണോ ? നിയമസഭയുടെയും പഞ്ചായത്തുകൗൺസിലിന്റെയും കാലാവധി ഒന്നല്ല. ഇപ്പോഴും ഈ നിയമസഭയുടെ കാലാവധി ഒരു കൊല്ലത്തിനകം അവസാനിക്കുന്നതാണു്. ചിലപ്പോൾ അതിനുമുമ്പു് അവസാനിച്ചുവെന്നും വരാം. എന്നാൽ ഇന്നത്തെ നിലയിൽ പരമാവധി ഒരു കൊല്ലത്തിനകം പോകുമെന്നാണു പറയുന്നതു്. ഈ നിയമം ഇപ്പോഴും പാസ്സാക്കി എടുത്താൽ ഈ ഒരു കൊല്ലത്തിനകത്തു് ഈ കൗൺസിലുകളിലേക്കുള്ള തിരഞ്ഞെടുപ്പു നടത്താം. അടുത്ത തിരഞ്ഞെടുപ്പിനു നിൽക്കണമെന്നു് ആഗ്രഹമില്ലാത്ത ഒരു എം. എൽ. എ. ക്കു് ഇതിൽ സ്ഥാനാർത്ഥിയാകുന്നതിനെ ഡിസ്ക്വാളിഫൈ ചെയ്യുന്നതായ ഒരു വകുപ്പു് ഇതിൽ ഉൾപ്പെടുത്തിയിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

"A person shall be disqualified for election as a member if, at the date of election, he....

(a) has been adjudged to be of unsound mind ; or".....

"Is a leper or a deaf-mute; or is a Member of the State Legislative Assembly."

എന്നാണ് ഈ ബില്ലിൽ പറയുന്നത്. അതായത്, ശ്രീമാൻ, അവസാനമായി കുഷ്ഠരോഗി, അതും കഴിഞ്ഞു അവസാനമായി എം. എൽ. എ. എന്നിവരെ ഒരേ രീതിയിൽ കണക്കാക്കി അയോഗ്യത കല്പിച്ചിരിക്കുകയാണ്.

"a leper or an I. A. S. Officer or one who was an I. A. S. officer." എന്നു ഈ ബില്ലിൽ എഴുതിവയ്ക്കുവാൻ ഈ മന്ത്രി ധൈര്യപ്പെടുമോ എന്നു ഞാൻ ചോദിക്കുകയാണ്. എനിക്കു എന്റെ എം. എൽ. എ. സ്ഥാനം ഉപേക്ഷിച്ചു ഇതിൽ പോകാം എന്നു വിചാരിച്ചാൽ അതിനു അനുവദിക്കുന്നില്ല. ആ മാതിരി വ്യവസ്ഥകളും ഉൾക്കൊള്ളുന്ന ബിൽ ഞങ്ങൾ വോട്ടെടുപ്പു പാസ്സാക്കിത്തരണമെന്നു പറഞ്ഞാൽ ഞങ്ങൾക്കു ഇതു വായിച്ചാൽ മനസ്സിലാകാത്തവരാണെന്നു കരുതി ഇങ്ങനെ എഴുതിക്കൊണ്ടുവന്നിട്ടുള്ളതാണെന്നു തോന്നിപ്പോകുന്നു.

സർ, ഈ ഡിസ്ക്വാളിഫൈയിംഗ് ക്ലാസ്സിനെ ആരും അനുകൂലിച്ചില്ല. ചില കാര്യങ്ങളിലൊക്കെ അഭിപ്രായവ്യത്യാസം വരാം. ഒരുപക്ഷേ അസോഷ്യേറേഡ് മെമ്പറായിരിക്കുന്നതിനു സമ്മതമുള്ളവരും കണ്ടേക്കാം. നിയമത്തിൽ അതു ആകാം. എന്നാൽ കുഷ്ഠരോഗിയെക്കൂടി ചേർക്കണം എന്നു ആരും ഇവിടെ അഭിപ്രായപ്പെട്ടുകണ്ടില്ല. ഈ ഒരു പ്രവണത നമ്മുടെ ഗവണ്മെൻറിന്റെ ഭരണമണ്ഡലങ്ങളിൽ വളരെ പ്രകടിപ്പിച്ചുകാണുന്നുണ്ട്, അങ്ങനെ നമ്മുടെ ഭരണമണ്ഡലത്തിൽ മേൽത്തട്ടിലിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ഒരു ആയുധമായി മന്ത്രിമാർ വരരുതെന്നാണ് ഞാൻ അപേക്ഷിക്കുന്നതു.

സർ, പിന്നെ ഇവിടെ പറഞ്ഞതുപോലെ ഇവിടെ എല്ലാ അധികാരങ്ങളും ഉദ്യോഗസ്ഥന്മാരിൽ കേന്ദ്രീകരിക്കുകയാണ്. പഞ്ചായത്തുകൾക്കു ഇന്നു കൊടുത്തിട്ടുള്ള അധികാരങ്ങൾപോലും ഇന്നു പഞ്ചായത്തു യൂണിയൻ കൗൺസിലുകൾക്കു കൊടുത്തിട്ടില്ല. പഞ്ചായത്തു യൂണിയൻ കൗൺസിലുകൾക്കു സ്റ്റാഫിന്റെമേൽ അധികാരമില്ല. പഞ്ചായത്തു കൗൺസിലുകളിലെ സ്റ്റാഫിന്റെ മേലുള്ള പൂർണ്ണമായ അധികാരം ഡെവലപ്പ്മെൻറ് ആഫീസർക്കു കൊടുത്തിരിക്കുകയാണ്. ആ ഡെവലപ്പ്മെൻറ് ആഫീസറുടെ മേലുള്ള എല്ലാ അധികാരങ്ങളും കളക്ടർക്കു കൊടുത്തിരിക്കുകയാണ്. പഞ്ചായത്തു കൗൺസിൽ എന്നു പറയുന്നതു ഒരു ബാഡ്ജിയാണ്. അതിനുമേൽ പ്രവർത്തിക്കുന്ന ഒരു ആഫീസറാണ് ഇപ്പോൾ വ്യവസ്ഥ ചെയ്തിരിക്കുന്നതു. എന്നാൽ മറ്റു രാജസ്ഥാൻ, ഗുജറാത്തു ഈ സംസ്ഥാനങ്ങളിൽ ഉള്ള നിയമത്തിൽ ഇത്ര വലിയ അധികാരങ്ങളൊന്നും ആ ആഫീസർക്കു കൊടുത്തിട്ടില്ല. കുറെ നിയന്ത്രണമെല്ലാം ഈ തിരഞ്ഞെടുക്കപ്പെട്ട സമിതിക്കു കൊടുത്തിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു.

സർ, അതുപോലെതന്നെ പഞ്ചായത്തു യൂണിയൻ കൗൺസിലുകളുടെ ഘടനയെപ്പറ്റി പറയുമ്പോൾ ഇതേവരെ ആരും ചൂണ്ടിക്കാണിക്കാത്ത ഒരു കാര്യത്തെപ്പറ്റികൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കോവാപ്പറേറീവ് സെൻട്രൽ ബാങ്കിന്റെ പ്രസിഡൻറ് ജില്ലാ പരിഷത്തിൽ അംഗം ആകാം എന്നു ഈ ബില്ലിൽ പറയുന്നുണ്ട്. പക്ഷേ, പഞ്ചായത്തു യൂണിയൻ കൗൺസിലുകളുടെ ഘടനയിൽ സഹകരണപ്രസ്ഥാനത്തിനു യാതൊരു പ്രാതിനിദ്ധ്യവും കാണുന്നില്ല. മിക്കവാറും ഗ്രാമപ്രദേശങ്ങളിൽ കാർഷിക വ്യാവഡായിക പ്രവർത്തനങ്ങളും ഇന്നു സഹകരണമേഖലയിലേക്കു മാറിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ അതൊക്കെക്കൂടി മനസ്സിൽ വച്ചുകൊണ്ടായിരിക്കണം ഈ ജില്ലാപരിഷത്തിൽ സഹകരണസംഘങ്ങൾക്കു ഒക്കെ പ്രാതിനിദ്ധ്യം കൊടുത്തിരിക്കുന്നതു. എനിക്കു അതേപ്പറ്റി നിർദ്ദേശിക്കുവാനുള്ളതു പഞ്ചായത്തു യൂണിയൻ കൗൺസിലുകളിലേക്കും സഹകരണസംഘങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly

പ്രാതിനിദ്ധ്യം കൊടുക്കണമെന്നുള്ളതാണു്, ഗുജറാത്തിൽ അങ്ങനെ അവയ്ക്കു പ്രാതിനിദ്ധ്യം കൊടുത്തിട്ടുണ്ടു്. രാജസ്ഥാനിലും അതുപോലെ സഹകരണ സംഘങ്ങളിൽനിന്നും ഒരു നിശ്ചിത എണ്ണം മെമ്പറന്മാരെ തിരഞ്ഞെടുത്തയയ്ക്കണം എന്നു പറഞ്ഞിട്ടുണ്ടു്. അങ്ങനെയുള്ള വ്യവസ്ഥകളും മറ്റു നിയമങ്ങളിലുമുണ്ടു്. പഞ്ചായത്തു യൂണിയൻ കൗൺസിലുകളുടെ ഘടനയിൽ വിട്ടുപോയിട്ടുള്ള ഒരു വിഭാഗത്തെ ഞാൻ ചൂണ്ടിക്കാണിക്കുകയാണു്.

വനിതകൾക്കും പട്ടികജാതിക്കാർക്കും പ്രാതിനിദ്ധ്യം കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചു് ഇതിൽ പറയുന്നുണ്ടു്. അതിൽ ഒന്നേ എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളു. അവരുടെ എണ്ണം ഒരു നിശ്ചിത എണ്ണത്തിൽ കുറയുകയാണെങ്കിൽ ആ എണ്ണത്തിൽ വരുന്ന കുറവു നികത്തുന്നതിനായി കോവാപ്റ്റു് ചെയ്തോ നാമിനേഷൻമൂലമോ ആ കുറവു നികത്താം എന്നു് പ്രസ്തുത വകുപ്പുകൾ ഭേദഗതി ചെയ്യണമെന്നാണു്.

അതുപോലെ ടാക്സേഷനെപ്പറ്റി പറയുന്നുണ്ടു്. മറ്റു സംസ്ഥാനങ്ങളിലെ നിയമങ്ങളിൽ ഉള്ളതിനെക്കാൾ കടുത്ത നികുതിഭാരമാണു് ഈ സംസ്ഥാനത്തു് ഏർപ്പെടുത്തിയിരിക്കുന്നതു് എന്നാണെനിക്കു പറയുവാനുള്ളതു്. പഞ്ചായത്തു യൂണിയൻ കൗൺസിലുകളിൽ ടാക്സേഷനെ സംബന്ധിച്ചു പറയുന്നതു് ഭൂനികുതിയുടെ 50 ശതമാനം ലോക്കൽസെസ്സു് ഈടാക്കണമെന്നാണു്.

"50 nP. on every rupee of Land Revenue payable to the Government."

അപ്പോൾ ഇന്നു കൊടുത്തുകൊണ്ടിരിക്കുന്ന ഭൂനികുതിക്കു പുറമേ, ഏതായാലും ഭൂനികുതി വരാതിരിക്കുകയില്ല. അപ്പോൾ ബേസിക്കു് ടാക്സോ, സെറിൽ മെൻറു ടാക്സോ, അതിനുപുറമെ ജലസേചനത്തിനുവേണ്ടി കൊടുക്കേണ്ടി വരുന്ന നികുതിയുംപ്പെടെ അൻപതു ശതമാനം ലോക്കൽസെസ്സു് കൊടുക്കണം. ഇതു 15 ശതമാനത്തിൽ കൂടുതൽ എങ്ങും കണ്ടില്ല. അങ്ങനെ വളരെ കടുത്ത ഒരു ടാക്സേഷൻ നയമാണു് നടപ്പിൽ വരാൻപോകുന്നതു്. അതേത്തുടർന്നു തന്നെ എഡ്യൂക്കേഷണൽ സെസ്സു് മുതലായ നികുതികളും കൊടുക്കേണ്ടതായി വരും. അതു കടുത്തുപോയി എന്നു പറയുന്നതോടൊപ്പം ഇതൊക്കെ എന്തിനു വേണ്ടിയാണു് ഉപയോഗിക്കുന്നതു് എന്നു വ്യക്തമായി പറയുന്നില്ല. പഞ്ചായത്തു ബില്ലിലുള്ള പല വകുപ്പുകളും ഇതിൽ ഓവർലാപ്പു ചെയ്യുവരികയാണു്. മദ്രാസു് ഒഴിച്ചു മറെറാരു സ്ഥലത്തും കളക്ടർ എന്ന ഉദ്യോഗസ്ഥൻ ചെയർമാനായിട്ടു് ഒരു ജില്ലാപരിഷത്തു് ഇല്ല. മദ്രാസിൽ അങ്ങനെയുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. ഇങ്ങനെ ഈ ബിൽ നിയമസഭയിൽ കൊണ്ടുവന്നു ഞങ്ങളെക്കൊണ്ടുകൂടി വോട്ടു ചെയ്യിപ്പിച്ചു് ഇവിടെ പണം ചെലവു ചെയ്യുന്നതിനു ഒരു നിയമം ഉണ്ടാക്കീട്ടു കാര്യമില്ല. ഇന്നുള്ള ഡി. ഡി. സി. കൾ ഗവണ്മെൻറിൻെറ ഒരു എക്സിക്യൂട്ടീവു് ആർഡർ മുഖാന്തിരം ഉണ്ടായിട്ടുള്ളതാണു്. അതിൽ ഗതികേടുകൊണ്ടു് ഉദ്യോഗസ്ഥൻ ചെയർമാനായിരിക്കുമ്പോൾ ഞങ്ങൾ പോയി ഇരിക്കുന്നുണ്ടു്. എന്നു വേണമോ ഒരു എക്സിക്യൂട്ടീവു് ആർഡർ മൂലം ആ നിലപാടു മാറാവുന്നതാണു്. പക്ഷേ, ഇതു് ഈ നിയമസഭ പാസ്സാക്കിയാൽ കളക്ടർക്കു് സ്റ്റാറ്റ്യൂട്ടറി അധികാരം നൽകുകയാണു്. അതു ശരിയല്ല.

<u>ശ്രീ. കെ. കൃഷ്ണപിള്ള</u> : ജില്ലാ പരിഷത്തിൽ വൈസ് ചെയർമാനെ തിരഞ്ഞെടുക്കണമെന്നുണ്ടെങ്കിലും കളക്ടർ പറയുന്ന ആളെ തിരഞ്ഞെടുക്കണമെന്നാണു പറയുന്നതു്; എന്നറിയാമോ ?

<u>ശ്രീ. കെ. എ. ദാമോദരമേനോൻ</u> : ശ്രീമാൻ കൃഷ്ണപിള്ള പ്രസംഗിച്ചപ്പോൾ പറഞ്ഞ കാര്യമല്ലേ അതു്.

<u>ശ്രീ. പി. വിശ്വംഭരൻ</u> : മദ്രാസിലൊഴിച്ചുള്ള എല്ലാ സ്ഥലത്തും ചെയർമാനും വൈസ്ചെയർമാനും തിരഞ്ഞെടുക്കപ്പെടുന്ന ആളുകളാണു്. പഞ്ചായത്തു യൂണിയൻ കൗൺസിലുകളിൽ വരുന്നതിനെ എം. എൽ. എ.മാരെ

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്കാളിഫൈ ചെയ്യാനുള്ള വകുപ്പ് എഴുതിവച്ച ആളുകൾ ഒരു കാര്യം മറന്നുപോയി. ഡിസ്ട്രിക്റ്റ് ഉദ്യോഗസ്ഥന്മാർ ജില്ലാപരിഷത്തു് ആവശ്യപ്പെടുന്ന അവസരങ്ങളിൽ അവക്കുവേണ്ടുന്ന സാങ്കേതികോപദേശം കൊടുക്കണമെന്നു മാത്രമേ മറ്റു സംസ്ഥാനങ്ങളിലെ നിയമങ്ങളിൽ പറഞ്ഞിട്ടുള്ളൂ. സാങ്കേതിക ഉപദേഷ്ടാക്കൾ എന്നുള്ള നിലയ്ക്കു് ഏതു ഉദ്യോഗസ്ഥനെ വിളിച്ചാലും ചെല്ലണം എന്ന വ്യവസ്ഥയാണു് അവയിലുള്ളതു്. അവർ ജില്ലാപരിഷത്തിൽ അംഗങ്ങളല്ല. പക്ഷെ ഇവിടത്തെ ബില്ലനുസരിച്ചു് ഉദ്യോഗസ്ഥന്മാർ എക്സ് അഫിഷ്യോ അംഗങ്ങന്മാരാണു്. അവരുടെ എണ്ണം അനുദ്യോഗസ്ഥാംഗങ്ങളേതിനേക്കാൾ കൂടുന്നതിനും തടസ്സം കാണുന്നില്ല. ഇങ്ങനെ വച്ചിരിക്കുന്നതുകൊണ്ടു് ഉദ്യോഗസ്ഥമേധാവിത്വത്തിനു് ഒരു മുൻഗണന നൽകിയിരിക്കുന്നു എന്നു വ്യക്തമാണു്. അതുപോലെതന്നെ ഈ ജില്ലാപരിഷത്തിനു യാതൊരു അധികാരവും ഇല്ലാതെ വരുത്തേണ്ട ഒരു കാര്യവുമില്ല.

പിന്നെ ക്ലാസിഫിക്കേഷൻ ആഫ് റോഡ്സ് തുടങ്ങിയ അധികാരങ്ങളെങ്കിലും ജില്ലാപരിഷത്തുകൾക്കു കൊടുത്തുകൂടാ. നാഷണൽ ഹൈവേയും, പ്രൊവിൻഷ്യൽ ഹൈവേയും എല്ലാം വേർതിരിച്ചു കഴിഞ്ഞതിനുശേഷം മറ്റുള്ള റോഡുകൾ പഞ്ചായത്തിന്റെ ചുമതലയിലും സംരക്ഷണത്തിലും വരുമെന്നു് പഞ്ചായത്തു് ആക്റ്റിൽ പറയുന്നുണ്ടു്.

സർ, ഇതിൽ, പഞ്ചായത്തുകളുടെ ചുമതലയിൽ ഏതേതു റോഡുകൾ പോകുന്നു, പഞ്ചായത്തു യൂണിയൻ കൗൺസിലിന്റെ ചുമതലയിൽ ഏതേതു റോഡുകൾ പോകുന്നു, എന്നുള്ളതിനെസംബന്ധിച്ചു് ക്ലാസിഫിക്കേഷൻ നടത്താനുള്ള അവകാശമെങ്കിലും ഇവിടത്തെ ജില്ലാപരിഷത്തുകൾക്കു് നൽകികൂടേ. ഗുജറാത്തു നിയമത്തിൽ ജില്ലാ പരിഷത്തുകൾക്കു് ജില്ലയിലെ വികസന പ്രവർത്തനങ്ങളുടെ പദ്ധതികൾ Co-ordinate ചെയ്യുന്നതിനും Consolidate ചെയ്യുന്നതിനും അധികാരം കൊടുത്തിട്ടുണ്ടു്. രാജസ്ഥാനിലെ നിയമത്തിൽ, ജില്ലാപരിഷത്തിനു് പഞ്ചായത്തു കൗൺസിലുകളുടെ ബഡ്ജറ്റു പാസ്സാക്കാനുള്ള അധികാരം കൊടുത്തിട്ടുണ്ടു്, അതുപോലെതന്നെ ഓരോ ജില്ലയിലെയും വികസന പ്രവർത്തനങ്ങൾക്കു് വേണ്ടിവരുന്ന വാർഷിക ഗ്രാന്റു് പഞ്ചായത്തുകൾക്കു് വീതിച്ചു കൊടുക്കുന്നതിനും, തുക അലാട്ടു ചെയ്യുന്നതിനുമുള്ള അധികാരം ജില്ലാപരിഷത്തിനു കൊടുത്തിരിക്കുകയാണു്. പഞ്ചവത്സരപദ്ധതി, ഓരോ വർഷത്തിലും തയ്യാറാക്കുന്ന അവസരത്തിൽ, പഞ്ചായത്തു സമിതികൾ എങ്ങനെ നിർദ്ദേശങ്ങൾ ക്രോഡീകരിക്കണം, എന്നു നിർദ്ദേശം കൊടുക്കുന്നതിനുള്ള അധികാരവും ജില്ലാ പരിഷത്തിനാണു്. അങ്ങനെ വളരെയധികം എക്സിക്യൂട്ടീവു് അധികാരങ്ങൾ ജില്ലാ പരിഷത്തിനു് അവിടെ നൽകിയിട്ടില്ലെങ്കിലും, അവിടത്തെ നിയമപ്രകാരം ജില്ലാ പരിഷത്തിനു നൽകിയിട്ടുള്ള അധികാരങ്ങൾ പോലും ഈ നിയമത്തിൽ കാണാത്തതു ഖേദകരമാണു്. അത്ര മാത്രമെങ്കിലും അധികാരം കൊടുത്തിട്ടില്ലെങ്കിൽ, ഇങ്ങനെയൊരു ബില്ലുകൊണ്ടുവന്നിട്ടു് ഈ സഭയുടെ വിലയേറിയ സമയവും, നമ്മുടെ സംസ്ഥാനജനതയുടെ കുറേ പണവും ചെലവാക്കേണ്ട ആവശ്യമില്ലെന്നാണു് എനിക്കു പറയാനുള്ളതു്. സെലക്റ്റു കമ്മിറ്റിയിൽ പരിഹരിക്കാവുന്ന തെറ്റുകളാണു് ഇതിൽ ഉള്ളതെന്നു് എനിക്കു തോന്നുന്നില്ല. ഗുരുതരമായ തെറ്റുകൾ ഇതിൽ കടന്നുകൂടിയിട്ടുണ്ടു്. അതുകൊണ്ടു് ഈ ബിൽ പൊതുജനാഭിപ്രായത്തിനുവേണ്ടി അയച്ചിട്ടു്, പൊതുജനാഭിപ്രായം അറിഞ്ഞശേഷം ഈ സഭയുടെ പരിഗണനയ്ക്കു വിധേയമാക്കുന്നതായിരിക്കും നല്ലതെന്ന അഭിപ്രായത്തോടുകൂടി, പൊതുജനാഭിപ്രായത്തിനു് അയയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

[Deputy Speaker in the Chair]

ശ്രീ. പി. സി. ബാലകൃഷ്ണൻനമ്പ്യാർ : മാഡം, ഈ ബിൽ സെലക്റ്റു കമ്മിറ്റിയ്ക്കയയ്ക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾക്കു് അധികാരവികേന്ദ്രീകരണം നടത്തി, ഈ രാജ്യത്തെ വികസനപ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പുതിയ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ]

അദ്ധ്യായം കുറിക്കാനാണു് ഇത്തരത്തിൽ ഒരു ബില്ല കൊണ്ടുവന്നിട്ടുള്ളതു്. നമ്മുടെ സംസ്ഥാനത്തു് പഞ്ചായത്തുകളും നടപ്പായതു് അടുത്തകാലത്താണു്. വികസനപ്രവർത്തനങ്ങൾക്കു് പഞ്ചായത്തുകൾക്കു പരിപൂർണ്ണമായ കഴിവുണ്ടായിട്ടില്ലെന്നു ഗവണ്മെൻറിനു് വിശ്വാസമുള്ളതുകൊണ്ടാണു് പഞ്ചായത്തുകളുടെ യുഗമായ പ്രയാണത്തിനു് സഹായകമായ രീതിയിൽ, പഞ്ചായത്തു യൂണിയൻ കൗൺസിലുകളും, ജില്ലാ പരിഷത്തുകളും രൂപവൽക്കരിക്കണമെന്ന അഭിപ്രായം ഉണ്ടായതു്. ഈ ഭരണസംവിധാനത്തെ സംബന്ധിച്ചിടത്തോളം ഒരു പുതിയ ക്രമീകരണമായ സമീപനമാണു് ഈ ബില്ലുകൊണ്ടു് ഉദ്ദേശിക്കുന്നതു്. പഴയ കാലത്തെ ഭരണസമ്പ്രദായം പരിശോധിച്ചാൽ, ഗ്രാമങ്ങളെ സംബന്ധിച്ചിടത്തോളം, തിരുവനന്തപുരത്തു് സെക്രട്ടേറിയറ്റിലിരുന്നു്, അതായതു മേലേകിടയിൽനിന്നുള്ള നിയന്ത്രണമായിരുന്നു. അതിനൊരു മാറ്റം വരുത്തി, ഗ്രാമങ്ങളിൽനിന്നു് മേലേകിടയിലേയ്ക്കു ഭരണക്രമവും, വികസനപ്രവർത്തനങ്ങളും പടുത്തു ഉയർത്തുക എന്നുള്ള ഒരു അടിസ്ഥാന തത്വമാണു് ഈ ബില്ലിൽ സ്വീകരിച്ചിരിക്കുന്നതു്. ഇങ്ങനെയൊരു ബിൽ പുതുതായി കൊണ്ടുവരുമ്പോൾ ഒരുപക്ഷേ ചില വിമർശനങ്ങൾ ഉണ്ടാകുമെന്നിരുന്നാലും, ഈ ബില്ല ഭാവനാശൂന്യമായ ഒരു നടപടി യാണെന്നുള്ള വിമർശനം നടത്തുന്നതു ശരിയല്ലെന്നാണു എന്റെ അഭിപ്രായം. പഞ്ചായത്തുകളുടെ പ്രവർത്തനം എങ്ങനെ വേണം, അവയെ സർവ്വതന്ത്രസ്വതന്ത്രമായി ഭരിക്കാൻ അനുവദിക്കാമോ, അതല്ല, ഒരു പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ ഒരു കൂട്ടായ ഭരണക്രമത്തിനുള്ള സാഹചര്യം സൃഷ്ടിക്കുകയാണോ വേണ്ടതു് എന്നു ചിന്തിക്കുമ്പോഴാണു് പഞ്ചായത്തു യൂണിയൻ കൗൺസിലിന്റെയും മറ്റും ആവശ്യം നമുക്കു് കൂടുതൽ മനസ്സിലാകുന്നതു്. അങ്ങനെ വരുമ്പോൾ, ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, ആരോഗ്യകരമായ ഒരു നിയന്ത്രണം, ഉപദേശകസ്വഭാവം കൗൺസിലുകൾക്കു് ഉണ്ടായിരിക്കുന്നതു് ജനാധിപത്യത്തിനു നിരക്കാത്തതാണെന്നും, അതു പഞ്ചായത്തിന്റെ ജനാധിപത്യ സ്വഭാവത്തെത്തന്നെ അപകടപ്പെടുത്തുമെന്നും പ്രതിപക്ഷം സൂചിപ്പിക്കുകയുണ്ടായി. കൗൺസിലുകൾക്കു വിട്ടുകൊടുക്കുന്ന ചില അധികാരങ്ങളുടെ പട്ടിക വായിച്ചിട്ടു ഒരുപക്ഷേ, അങ്ങനെയൊരു ധാരണ ഉണ്ടായതായിരിക്കും. അതുകൊണ്ടു് സെലക്ട് കമ്മിറ്റി, പഞ്ചായത്തു യൂണിയൻ കൗൺസിലിനു് ഈ അധികാരങ്ങൾ എല്ലാം കൊടുക്കുമോ, ഒരു ഉപദേശകസമിതി എന്നനിലയിൽ വയ്ക്കുമോ എന്നു പരിശോധിക്കേണ്ടതു് ആവശ്യമാണു്. എങ്കിലും ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ചില പഞ്ചായത്തുകൾക്കു നിവൃത്തിക്കാൻ സാധിക്കാതെ വരുമ്പോൾ, അങ്ങനെയുള്ള കാര്യങ്ങൾ ഒന്നോ, അധികമോ പഞ്ചായത്തുകൾചേർന്നു പ്രവർത്തിക്കുന്നതു നന്നായിരിക്കും. അങ്ങനെവരുമ്പോൾ ബന്ധപ്പെട്ട പഞ്ചായത്തുകൾ കൂട്ടിചേർത്തുകൊണ്ടു് പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്കുണ്ടായിരിക്കുകയില്ല. പഞ്ചായത്തു യൂണിയൻ കൗൺസിലുകൾക്കു അതിനുള്ള അധികാരം കൊടുത്തിരിക്കുന്നതുകൊണ്ടു് കൂടുതൽ പ്രയോജനമുണ്ടു്. അതാണു് പ്രായോഗികവും. പൊതുവേ പഞ്ചായത്തു യൂണിയൻ കൗൺസിലിനു് വൻപിച്ച ചില കാര്യങ്ങൾ നിവൃത്തിക്കാൻ സാധിക്കുമെന്നുള്ളതിനു സംശയമില്ല, അതിൽ തെറ്റുമില്ല. ഈ സമ്പ്രദായം ഈ രാജ്യത്തു നടപ്പാക്കിയാൽ, നമ്മുടെ ഗ്രാമപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം നാം വളരെക്കാലമായി സ്വപ്നം കണ്ടിരുന്ന മഹത്തും, മോഹനവുമായ സ്വപ്നങ്ങൾ യാഥാർത്ഥ്യമായിത്തീരുന്നതാണു്. പഞ്ചായത്തു രാജ് എന്ന പുതിയ പ്രസ്ഥാനത്തിനുവേണ്ടി ഈ ഗവണ്മെൻറു് ഭാവനചെയ്തിരിക്കുന്ന ഈ പദ്ധതി, ഗ്രാമസ്വരാജ് പ്രസ്ഥാനത്തിന്റെ ആദ്യപടിയായി കരുതപ്പെടാവുന്നതാണു്. ആ ലക്ഷ്യം വച്ചുകൊണ്ടു മഹത്തായ ഗ്രാമസ്വരാജിനുവേണ്ടി എന്തെല്ലാ മാറ്റങ്ങൾ ഈ ബില്ലിൽ വരുത്താൻ കഴിയുമെന്നു കൂലങ്കുഷമായി സെലക്ട് കമ്മിറ്റി ആലോചിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

സർ, കൗൺസിലിന്റെ രൂപവൽക്കരണത്തെ സംബന്ധിച്ചു് ശ്രീ. വിശ്വംഭരൻ ഇവിടെ സൂചിപ്പിച്ചു. മറ്റു സംസ്ഥാനങ്ങളിൽ പഞ്ചായത്തു കൗൺസിലുകളിൽ സഹകരണപ്രസ്ഥാനങ്ങളിലെ മെമ്പറന്മാർക്കു പ്രാതി

LIBRARY ARCHIVES Kerala Legislative Assembly

നിദ്ധ്യം കൊടുത്തിട്ടുണ്ടെന്നും, ഇതിൽ അങ്ങനെ ചെയ്തിട്ടില്ലെന്നും പറഞ്ഞു. ഇതിലെ മെമ്പറന്മാരെ തിരഞ്ഞെടുക്കുന്നതായിരിക്കും തീർച്ചയായിട്ടും വികസനപദ്ധതികളുടെ കാര്യമായ നടത്തിപ്പിനു പറ്റിയ വഴിയെന്നാണു് എന്റെ അഭിപ്രായം.

സർ, സെക്ഷൻ 88–ൽ, കൗൺസിലിനെ പിരിച്ചു വിടാനുള്ള അധികാരം ഗവണ്മെൻറിനു കൊടുത്തിരിക്കുകയാണു്. വളരെയേറെ ശ്രുക്ഷമായ ഒരധികാരമാണിതെന്നു് ഇവിടെ പറഞ്ഞുകേട്ടു. അത്രത്തോളം വികാരം ഈ കാര്യത്തിൽ കാണിക്കേണ്ടതുണ്ടെന്നു് എനിക്കു തോന്നുന്നില്ല. ഒരുപക്ഷേ, ജനാധിപത്യത്തോടു് കൂടുതൽ താൽപര്യമുള്ളതുകൊണ്ടല്ലേ ഇങ്ങനെ ഒരു വകുപ്പു ഇതിൽ ചേർത്തിട്ടുള്ളതെന്നാണു് എന്റെ ധാരണ. ജനാധിപത്യ രീതിയിൽ, ഗവണ്മെൻറു എന്നു പറഞ്ഞാൽ എന്താണു്, എന്നു പ്രതിപക്ഷം വേണ്ടവിധം ധരിച്ചിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഗവണ്മെൻറു എന്നു പറഞ്ഞാൽ, ജനാധിപത്യ ഭരണക്രമത്തിലെ ഒരു ഗവണ്മെൻറു എന്നു പറഞ്ഞാൽ, നിയമസഭയില്ലാത്ത, തിരഞ്ഞെടുപ്പു് ഇല്ലാത്ത, ഭരണഘടനയില്ലാത്ത ഒരു ഏകാധിപത്യ ഭരണമാണെന്നു തോന്നത്തക്കരീതിയിലാണു് ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം, ഈ വകുപ്പു മുഖേന ശ്രുക്ഷമായ ഒരു അധികാരം ഏറെറടുക്കലാണു് ഗവണ്മെൻറു ചെയ്തിരിക്കുന്നതെന്ന മട്ടിലാണു് പ്രതിപക്ഷം ഇവിടെ സംസാരിച്ചതു്. ഈ രാജ്യത്തെ ജനങ്ങളുടെ താൽപര്യങ്ങളും സംരക്ഷിക്കുന്നതിനാണു് ഈ വകുപ്പുമൂലം ഗവണ്മെൻറു ഉദ്ദേശിക്കുന്നതു്. കല്പിച്ചു കൂട്ടി ചെയ്യേണ്ടതു ചെയ്യാതിരുന്നാൽ, പഞ്ചായത്തു മെമ്പറന്മാരും പഞ്ചായത്തു പ്രസിഡൻറന്മാരും അവരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങളും ഉർവിനിയോഗം ചെയ്താൽ അതെല്ലാം ബഹുജനങ്ങളും സഹിച്ചിരുന്നുകൊള്ളണമെന്നാണോ പറയുന്നതു് ? അത്തരം പ്രവൃത്തനങ്ങളെ തടയാനും, പുതിയ തിരഞ്ഞെടുപ്പുമൂലം പുതിയ കൗൺസിൽ രൂപവൽക്കരിക്കാനും ഗവണ്മെൻറിനു അധികാരം നൽകുന്നതു് ആക്ഷേപാർഹമാണെന്നു പറയുന്നതു സ്വീകാര്യമല്ല. അങ്ങനെയുള്ളവരെ പിരിച്ചുവിട്ടു് പുതിയ തിരഞ്ഞെടുപ്പു നടത്തുന്ന സമ്പ്രദായം ഒരു ഫാസിസ്റ്റു നടപടിയാണെന്നു പറയുന്നതു്, ജനാധിപത്യ ദ്രോഹമാണെന്നു പറയുന്നതു് അസംബന്ധമാണെന്നാണു് ഏറ്റവും മിതമായ ഭാഷയിൽ പറയാൻ ആഗ്രഹിക്കുന്നതു്.

> "The Government shall pay annually to the Panchayats in the State, a grant which shall be equal as nearly as may be to three-fourths of the amount of land revenue collected by the Government in the last preceding year in such proportion as may be fixed by the government based on the population of each panchayat area"

എന്നുമാത്രമേ ഇതിൽ പറയുന്നുള്ളൂ. പഞ്ചായത്തു എന്നു പറഞ്ഞാൽ, ബ്ലോക്കു എന്നു പറഞ്ഞാൽ, ഏതു രീതിയിൽ പരിഗണിക്കണം, ഗ്രാൻറു വിതരണം ജനസംഖ്യയുടെ അടിസ്ഥാനത്തിലാണോ വിതരണം ചെയ്യേണ്ടതു് എന്ന കാര്യം പരിശോധിക്കണം. ജനസംഖ്യാടിസ്ഥാനത്തോടൊപ്പം, വിസ്തീർണ്ണവും മറ്റു മാനദണ്ഡങ്ങളും കണക്കിലെടുക്കണമെന്നു് എനിക്കു അഭിപ്രായമുണ്ടു്. ജനസംഖ്യാടിസ്ഥാനത്തിൽ മാത്രം ഗ്രാൻറു നിശ്ചയിക്കുന്നതു ശരിയായിരിക്കുകയില്ല. അതു കടുത്ത അനീതിയായിരിക്കും. സർ, ഇങ്ങനെയുള്ള നിയമനിർമ്മാണം കൊണ്ടുവരുമ്പോൾ സാധാരണമായി കണ്ടുവരുന്നതു്, കരയാൻ കഴിയുന്ന ആളുകൾക്കു കൂടുതൽ ആനുകൂല്യം കിട്ടുക എന്നുള്ളതാണു്. ആ സമ്പ്രദായം സ്വീകരിക്കുന്നതു, യഥാർത്ഥത്തിൽ വസ്തുതകൾക്കു ചേർന്നതല്ല, അർഹതയുള്ളവർക്കു സഹായം ലഭിക്കണമെന്നുള്ള അഭ്യർത്ഥനയാണു് എനിക്കുള്ളതു്.

Deputy Speaker : Order,order. The hon. Member can continue tomorrow.

The hon. Chief Minister can now introduce the Kerala Appropriation (No. 1) Bill, 1964.

LIBRARY ARCHIVES Kerala Legislative Assembly